മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 16 | THE ONLINE OFFICIAL NEWS BULLETIN | 2021 April 17

LITURGICAL CALENDAR 2020-21

SEASON OF RESURRECTION (4th April, 2021 - 22nd May, 2021)

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
18 ♪2 1st Sunday after New Sunday	19 ♪6	20 ♪2	21 ♪6  227th Mem. Yuhanon Mar Ivanios Episcopa ✠ (Chengannur)	22 ♪2  333rd Mem. of Mar Thoma III ✠ (Kadambanad)	23 ♪6  Comme. of St. George the Great Martyr	24 ♪2



ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ നവജ്യോതി മോംസ് ചാരിറ്റബിൾ സൊസൈറ്റിയുടെ സ്ഥാപനവും തയ്യൽ പരിശീലന കേന്ദ്രവും ഭദ്രാസന സഹായ മെത്രാപ്പോലീത്ത മാത്യൂസ് മാർ തിമോത്തിയോസ് ഉദ്ഘാടനം ചെയ്തു.

സുപ്രീം കോടതി വിഘടിത വിഭാഗത്തിന്റെ ഹർജി തള്ളിയത് സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ മാധ്യമ വിഭാഗം അദ്ധ്യക്ഷൻ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത പ്രതികരിക്കുന്നു. കേൾക്കാൻ ക്യൂആർകോഡ് സ്കാൻ ചെയ്യുക.



ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 8-മത് ഓർമ്മപ്പെരുന്നാൾ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ ആചരിച്ചു. കോട്ടയം സഹായ മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് വിശുദ്ധ കുർബ്ബാനയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു. അതിനെ തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും ശ്ലൈഹീക വാഴ്വും നടത്തി.

സഭാതർക്കത്തിൽ നിയമ നിർമ്മാണം:

വിഘടിത വിഭാഗത്തിന്റെ ആവശ്യം സുപ്രീം കോടതി തള്ളി

ന്യൂഡൽഹി: സഭാ തർക്കത്തിൽ കോടതി വിധികൾ മറികടക്കുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ കേന്ദ്ര, കേരള സർക്കാരുകൾക്ക് നിർദ്ദേശം നൽകണമെന്നും, പ്രശ്ന പരിഹാരത്തിന് പ്രത്യേക ട്രിബ്യൂണലിനെ നിയമിക്കണമെന്നും ആവശ്യപ്പെട്ട് പാത്രിയർക്കീസ് വിഭാഗം നൽകിയ റിട്ട് ഹർജി സുപ്രീംകോടതി ഫയലിൽ സ്വീകരിക്കാതെ തള്ളി. ഇത് കേസു കൊടുത്തവർക്ക് ഏറ്റ കനത്ത പ്രഹരമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറസ് മെത്രാപ്പോലീത്ത.


വരിക്കോലി, കണ്യാട്ടുനിരപ്പ്, പെരുമ്പാവൂർ, കടമറ്റം, വട്ടായി മുതലായി, 1934-ലെ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണം എന്ന് കോടതി വിധിച്ചിരിക്കുന്ന പള്ളികളിൽപെട്ട പാത്രിയർക്കീസ് അനുഭാവികളായ 138 പേർ ചേർന്നു നൽകിയ ഭീമഹർജിയാണ് സുപ്രീംകോടതി തള്ളിയത്. കേന്ദ്ര, കേരള സർക്കാരുകളും, കേരളത്തിലെ പോലീസ് മേധാവിയും, പ. കാതോലിക്കാ ബാവായും ആയിരുന്നു പ്രതികൾ. എതിർ കക്ഷികൾക്ക് നോട്ടീസ് നൽകാൻ പോലും വിസമ്മതിച്ചുകൊണ്ടാണ് കോടതിയുടെ രണ്ടംഗ ബഞ്ച് ഹർജി തള്ളിയത്. ഹർജിക്കാർക്ക് ആരാധനാസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു എന്നും അതിനാൽ അവർക്ക് വലിയ നഷ്ടങ്ങൾ സംഭവിക്കുന്നു എന്നും, പ്രതിസന്ധിയിൽ നിന്ന് മോചനം ലഭിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

കോടതിവിധികളെ മറികടക്കുവാൻ നിയമനിർമ്മാണം നടത്തണണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം സെക്രട്ടറിയറ്റ് നടയിൽ സത്യാഗ്രഹം പോലും നടത്തിയ പാത്രിയർക്കീസ് വിഭാഗത്തിന്റെ നീതിന്യായ കോടതിയോടുള്ള വെല്ലുവിളികളെയാണ് ഇവിടെ തള്ളിയിരിക്കുന്നത്. കേരളത്തിലെ തിരഞ്ഞെടുപ്പിന് ശേഷം നിയമം നിർമ്മിച്ചുനൽകാമെന്ന് ചിലരെല്ലാം വാഗ്ദാനങ്ങൾ നൽകിയിരുന്നതായി വാർത്തകൾ പ്രചരിച്ചിരുന്നു. ആ വ്യാമോഹങ്ങളെല്ലാമാണ് ചാമ്പലായിരിക്കുന്നത്. ജൂഡീഷറിയുടെ പ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യുവാനുള്ള ശ്രമം വിഫലമാണെന്ന് ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുകയാണ്. സത്യവും നീതിയും എന്നാളും വിജയിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ കോടതിവിധി എന്നും മാർ ദീയസ്കോറസ് കൂട്ടിച്ചേർത്തു.

Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department

ആരാധനാ കലണ്ടർ

"നീ എന്നെ സ്നേഹിക്കുന്നുവോ; എന്നെ അനുഗമിക്കുക"



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

അവനിൽ ഉയിർക്കപ്പെട്ട് പുതുക്കം പ്രാപിച്ചവരോടുള്ള അവന്റെ കല്പനയാണ് വി. യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായത്തിന്റെ ആകെ തുകയായ തലവാചകം: "നീ എന്നെ സ്നേഹിക്കുന്നുവോ; എന്നെ അനുഗമിക്കുക."

ഉത്ഥിതനായ കർത്താവ് തിബെര്യാസ് (ഗലീല, ചെറുകടൽ) തടാകതീരത്ത് ശിഷ്യന്മാർക്കു പ്രത്യക്ഷനായപ്പോൾ ഉണ്ടായ സംഭാഷണങ്ങൾ വി. യോഹന്നാൻ ഏറെ കൃത്യതയോടെ അവതരിപ്പിച്ചിട്ടുള്ളതാണ് (21-ാം അദ്ധ്യായം) ഉയിർപ്പു പെരുന്നാളിനു ശേഷമുള്ള രണ്ടാം ഞായറാഴ്ചയുടെ വി. ഏവൻഗേലിയോൻ ഭാഗങ്ങൾ പൗരസ്ത്യ സഭാപിതാക്കന്മാരായ നിനുവയിലെ ഇസഹാക്ക്, ദീവന്നാസ്യോസ് ബർസ്ലീബി, വി. അപ്രേം എന്നിവരെല്ലാം ഏറെ പരിശുദ്ധാത്മ നിറവിൽ ഈ ഭാഗം വേദശാസ്ത്രപരമായി വ്യാഖ്യാനിച്ചിട്ടുണ്ട്; അവയെല്ലാം എഴുതിയാൽ ഒരു ചെറിയ ലേഖനത്തിൽ ഒതുങ്ങുകയില്ല; ഏതാനും കാര്യങ്ങൾ മാത്രം ഓർമ്മപ്പെടുത്തുന്നു.

യഹൂദന്മാരെ പേടിച്ച് വാതിലടച്ചിരിക്കുന്ന ശ്ലീഹന്മാരെയാണ് പുതു ഞായറാഴ്ച (വി. യോഹന്നാൻ 20) നാം കാണുന്നതെങ്കിൽ ഈ ആഴ്ചയിൽ അവരെ നാം കാണുന്നത് ഗലീലാ തടാകത്തിൽ മീൻ പിടിക്കുന്നവരായിട്ടാണ്. യെരുശലേം പട്ടണം സമുദ്രനിരപ്പിൽ നിന്നും 2750 അടി ഉയർന്നു നില്ക്കുമ്പോൾ ഗലീലാ തടാകം 700 അടി സമുദ്രനിരപ്പിന് താഴെയാണ്. ഒപ്പം ഏതാണ്ട് 100 മൈൽ ദൂരത്താണ് ഇവ സ്ഥിതി ചെയ്യുന്നത്. ഉത്ഥിതനായ ക്രിസ്തുവിൽ നിന്നും ശ്ലീഹത്വവും പൗരോഹിത്യവുമെല്ലാം സ്വീകരിച്ചുവെങ്കിലും പിന്നത്തേതിൽ ആത്മീയമായി പതറുന്ന ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നാം ഗലീലയിൽ കാണുന്നത്. യെരുശലേമിൽ നിന്നും ലോകത്തിന്റെ അറ്റത്തോളം യാത്ര ചെയ്യേണ്ടുന്നതിനു പകരം അവർ ഒരു മടക്കത്തിന്റെയും പിന്മാറ്റത്തിന്റെയും അവരോഹണത്തിന്റെയും പാത സ്വീകരിച്ച് സമുദ്രനിരപ്പിന് താഴെയുള്ള ഗലീലാ തടാക തീരത്ത് എത്തുന്നു. മൂന്നര വർഷക്കാലം മുമ്പ് ഉപേക്ഷിച്ചുപോയ പടകും വലയും തിരികെയെടുത്ത് യഹൂദന്റെ ആദ്യ പ്രവർത്തി ദിനമായ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ മീൻപിടുത്തമെന്ന അവരുടെ പഴയ ജോലിയിലേയ്ക്ക് തിരികെ പോകുന്നു.



രാത്രി മുഴുവനും അദ്ധ്വാനിച്ചുവെങ്കിലും ഒന്നും ലഭിക്കാതെ, കൂട്ടുവാൻ ഒന്നുമില്ലാതെ, വിഷണ്ണഭാവത്തിലിരിക്കുന്നവരോടാണ് പടകിന്റെ വലതു ഭാഗത്ത് വലയെറിയുവാൻ അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട കർത്താവ് കല്പിക്കുന്നത്. കർത്തൃസാന്നിധ്യം തിരിച്ചറിഞ്ഞപ്പോൾ തലവൻ ശീമോൻ പത്രോസിൽ നഗ്നതാബോധം ഉണ്ടാവുകയും അവൻ തോർത്ത് അരയിൽ ചുറ്റി കടലിൽ ചാടുകയും ചെയ്യുന്നു. ഏറെ പ്രതീകാത്മകമാണ് ഈ സംഭവങ്ങൾ. ഈ കടൽതീരത്തു നിന്നുമാണ് കർത്താവ് പത്രോസിനെയും സഹോദരനെയും മറ്റു ശിഷ്യന്മാരെയും കൂട്ടിച്ചേർത്ത് 'മനുഷ്യരെ പിടിക്കുന്നവരാക്കി' തീർത്ത് യെരുശലേമിൽ എത്തിച്ചത്. എന്നാൽ നിമിഷനേരംകൊണ്ട് അവർ പഴയതിലേയ്ക്ക് തിരിയുന്നു. കല്പന ലംഘിച്ച ആദമിൽ ഉണ്ടായ അതേ നഗ്നതാബോധമാണ് പത്രോസിലും ഉണ്ടാകുന്നതും അവൻ വെള്ളത്തിൽ ചാടുന്നതും എന്ന് പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നു.

വലിയ 153 മത്സ്യങ്ങൾ നിറഞ്ഞ വല ഏറെ പ്രയാസപ്പെട്ട് ശിഷ്യന്മാർ കരയിൽ എത്തിക്കുമ്പോൾ കർത്താവ് അവർക്കായി പ്രാതൽ ഒരുക്കി കാത്തിരിക്കുന്നു. യേശു വന്നു അപ്പം എടുത്തു അവർക്കു കൊടുത്തു; അവർ പ്രാതൽ കഴിച്ചശേഷം യേശു അവരോട് സംഭാഷണത്തിൽ ഏർപ്പെടുകയും ശീമോൻ പത്രോസിനോട് അവന്റെ അപ്പന്റെ പേര് കൂടെ ചേർത്തു വിളിച്ച് നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് മൂന്ന് പ്രാവശ്യം ചോദിക്കുകയും 'ഉവ്വ് കർത്താവേ' എന്ന് മറുപടി ലഭിക്കുമ്പോൾ എന്റെ കുഞ്ഞാടുകളെയും ആടുകളെയും മേയ്ക്കയും പാലിക്കുകയും ചെയ്യുക എന്ന് അവനോട് കല്പിക്കുകയും ചെയ്യുന്നതായി കാണുന്നു.

ക്രിസ്തുവിന്റെ മുമ്പിൽ കടലിലേയ്ക്കുള്ള - വെള്ളത്തിലേയ്ക്കുള്ള - ചാട്ടവും അവിടെ നിന്നുള്ള കയറ്റവും പത്രോസിന്റെ വി. കുമ്പസ്സാരവും വി. മാമോദീസായും ആയിരുന്നുവെന്നും ക്രിസ്തു ആഴ്ചവട്ടത്തിന്റെ ഒന്നാം നാളും പുനരുത്ഥാനത്തിന്റെ എട്ടാംനാളുമായ ഞായറാഴ്ച പ്രഭാതത്തിൽ സ്വയം ഒരുക്കി അവർക്കു കൊടുത്ത അപ്പം - പ്രാതൽ - വി. കുർബാനയായിരുന്നുവെന്നും മൂന്നു വട്ടം തന്നെ തള്ളിപ്പറഞ്ഞ പത്രോസിനോട് മൂന്നു വട്ടം ചോദിച്ച് ഉറപ്പിച്ച് തന്റെ ആട്ടിൻകൂട്ടത്തെ പാലിക്കുവാൻ ഏല്പിച്ചത് വി. അഭിഷേകമായ സ്ഥിരീകരണം (confirmation) ആയിരുന്നുവെന്നും സഭാപിതാക്കന്മാർ സൂക്ഷ്മതയോടെ വ്യാഖ്യാനിക്കുന്നു. ചുരുക്കത്തിൽ ഉത്ഥാനപെരുന്നാളിനു ശേഷം വരുന്ന ആഴ്ചകളിൽ വി. ശ്ലീഹന്മാരുടെ വിശ്വാസപരമായ ചാഞ്ചാട്ടങ്ങളും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനായി കർത്താവ് ഉപയോഗിക്കുന്ന മാർഗ്ഗങ്ങളും പ്രത്യേകം ശ്രദ്ധയാകർഷിക്കുന്ന കാര്യങ്ങളാണ് എന്ന് എല്ലാ സുവിശേഷങ്ങളിലും വിവിധ രൂപത്തിൽ തുടർ ആഴ്ചകളിലൂടെയും നാം കാണുന്നുണ്ട്.

"ക്രിസ്തു സത്യമായും മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു" എന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്ന് ആത്മാർത്ഥമായി ഏറ്റുപറയണമെങ്കിൽ പുനരുത്ഥാനം നമ്മിൽ ഒരു യഥാർത്ഥ അനുഭവമായി നിലനില്ക്കണം. തന്നോടൊപ്പം സഞ്ചരിച്ച, തന്നിൽ നിന്നും നേരിട്ടു പഠിച്ച, ശിഷ്യന്മാർക്കു പോലും പുനരുത്ഥാന രഹസ്യം വെളിപ്പെടുവാൻ ഏറെ സമയവും തെളിവുകളും ആവശ്യം വന്നുവെന്ന് സാരം.

ശത്രുസൈന്യത്തെ ചെങ്കടലിൽ മുക്കികളയുകയും ഇസ്രായേലിനെ മോശമുഖാന്തിരം കടലിനു നടുവിൽ ഉണങ്ങിയ നിലത്ത് നടത്തുകയും ചെയ്യുന്ന അനുഭവമാണ് ഈ ആഴ്ചയിലെ ആദ്യ പഴമ വായനാഭാഗം (പുറപ്പാട് 14.26 -31). തുടർന്ന് വായിക്കുന്ന ഭാഗത്ത് (യോശുവാ 6.9-16) യഹോവ യെരീഹോ പട്ടണം ഇസ്രായേൽ മക്കൾക്കു നൽകുന്ന ഭാഗമാണ് ധ്യാനചിന്ത. ഈ രണ്ട് സന്ദർഭങ്ങളെയും ഓർത്ത് പശ്ചാത്തപിച്ച് യഹോവയിലേയ്ക്ക് തിരികെ വരുവാൻ കല്പിക്കുന്ന ശബ്ദമാണ് യെശയ്യാ പ്രവാചകനിലൂടെ (63.8-14) നാം തുടർന്ന് കേൾക്കുന്നത്. "അവർ എന്റെ ജനം. കപടം കാണിക്കാത്ത മക്കൾ തന്നെ എന്നു പറഞ്ഞു അവൻ അവർക്ക് രക്ഷിതാവായിത്തീർന്നു; അവൻ അവർക്കു വേണ്ടി കഷ്ടത അനുഭവിക്കുകയും അവരെ വീണ്ടെടുക്കുകയും ചെയ്തുവെന്നും അപ്പോൾ അവർ അവന്റെ പ്രവൃത്തിയെ ഓർത്തു അവനെ മഹത്വപ്പെടുത്തിയെന്നും" യെശയ്യാ പ്രവാചകൻ ആത്മാവിൽ സാക്ഷിക്കുന്നു.

അന്ത്യോഖ്യയിൽ വച്ച് പ. പൗലോസ് ശ്ലീഹാ നടത്തുന്ന പ്രസംഗമാണ് ഈ ആഴ്ചയിലെ പൊതു ലേഖന വായനയിലെ പ്രതിപാദ്യം (പ്രവർത്തി 18.26 -39). ഇസ്രായേലിന്റെ തെരഞ്ഞെടുപ്പു മുതൽ പിതാക്കന്മാരിലൂടെ അവരെ ദൈവജനമായി വർദ്ധിപ്പിച്ചതും ഭുജവീര്യത്താൽ അവരെ മിസ്രയിമിൽ നിന്നും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മോചിപ്പിച്ചതും വഴി നടത്തിയതും കനാൻ ദേശം അവർക്ക് അവകാശമായി കൊടുത്തതും പ്രവാചകന്മാരിലൂടെയും രാജാക്കന്മാരിലൂടെയുമൊക്കെ അവരെ നയിച്ചതും ഒടുവിൽ വാഗ്ദത്തപുത്രനായ യേശുവെന്ന രക്ഷകനെ കൊടുത്തതും വഴിഒരുക്കുവാൻ യോഹന്നാൻ സ്നാപകനെ നിയോഗിച്ചതും ക്രിസ്തുവിന്റെ കഷ്ടാനുഭവം, മരണം, ഉയിർപ്പ് എന്നിങ്ങനെ മനുഷ്യാവതാര വ്യാപാരം മുഴുവനുമായി വ്യാഖ്യാനിക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം പ. സഭയെ വിശ്വാസത്താൽ പണിതുയർപ്പിക്കുന്ന ചിത്രം അവിടെ കാണുന്നു. എഫേസ്യരോടുള്ള ലേഖനത്തിലും (6.10-24) ക്രിസ്തുവിൽ വേരൂന്നി വളർന്ന് അവന്റെ സത്യഭടന്മാരായി ലോകമൊക്കെയും സാക്ഷിക്കുവാനുള്ള സന്ദേശമാണ് പ. പൗലോസ് ശ്ലീഹാ ഈ ദിനങ്ങളിൽ നമുക്ക് നൽകുന്നത്.

"തിബെര്യോസ് കടൽതീരത്തു വച്ച് ശ്ലീഹന്മാരിൽ നിന്നെന്നവണ്ണം ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്നും അന്ധകാരപടലം നീക്കികളയണമേ" എന്ന പ്രാരംഭ പ്രാർത്ഥനയിൽ ഈ ദിവസത്തിന്റെ സന്ദേശം ഉൾകൊണ്ടിരിക്കുന്നു.

വി. ത്രിത്വത്തെക്കുറിച്ചുള്ള ആഴമായ പഠനമാണ് സന്ധ്യാപ്രാർത്ഥനയിലെ പ്രൊമിയോൻ-സെദ്റാ ഭാഗങ്ങൾ. 'ത്രിത്വം സുഗ്രാഹ്യമല്ല' എന്ന ഓർമ്മപ്പെടുത്തലാണ് അതിൽ പ്രധാനം. 'ഇത് നമ്മുടെ കർത്താവാകുന്നു'വെന്ന് ശീമോനോടു ബ്രഹ്മചാരിയായ യോഹന്നാൻ പറയുവാൻ തക്കവണ്ണം സുഗ്രാഹ്യമായപ്രകാരം നീ സർവ്വതിന്റെയും ദൈവമാകുന്നുവെന്ന് ഗ്രഹിപ്പാൻ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കണമേ' എന്നാണ് പ്രാർത്ഥന. "മനുഷ്യകുലം പാപം ചെയ്യാതിരുന്നെങ്കിൽ ഉണ്ടാകാമായിരുന്ന ഗ്രാഹ്യശക്തിയും മർമ്മസംഗതികളറിയാവുന്ന ആത്മപ്രകാശവുംകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ തെളിയിക്കണമേ" എന്ന അനുഗ്രഹമാണ് നാം ഉത്ഥിതനായ ക്രിസ്തുവിലൂടെ അപേക്ഷിക്കുന്നത്.

താബോർ പർവ്വതത്തിന്റെ മുകളിൽ മോശയും ഏലിയായും കർത്താവിന്റെ സാന്നിദ്ധ്യത്തിൽ വന്ന് "കർത്താവേ കൃപയോടെ പാതാളക്കുഴിയിൽ ഇറങ്ങിച്ചെന്ന് അവിടെ ധൂളിയായി തീർന്ന് മറഞ്ഞുകിടക്കുന്ന നിന്റെ സ്വരൂപത്തെ ആകൽക്കറുസായുടെ അധീനതയിൽ നിന്നും രക്ഷിക്കണമേ" എന്ന് അപേക്ഷിച്ചുവെന്നും രാത്രി നമസ്ക്കാരത്തിന്റെ രണ്ടാം കൗമ്മായിലെ സെദ്റാ പ്രാർത്ഥനയിൽ നാം ധ്യാനിക്കുന്നു.

"ഒന്നാമത്തെയും എട്ടാമത്തെയുമായ ഈ ദിവസം മനുഷ്യകുലത്തിലൂടെ സർവ്വ സൃഷ്ടിക്കും നീ പുതിയ ആരംഭം നൽകി. ഇഹത്തിൽ ധാർമ്മിക ജീവിതം നയിപ്പാനും എട്ടാമത്തെ അന്ത്യനാളിൽ പരത്തിൽ പ്രതിഫലം സിദ്ധിക്കവാനും" ഞങ്ങളെ യോഗ്യരാക്കണമേ എന്ന് വി. പിതാക്കന്മാരോട് ചേർന്ന് ഈ സുദിനത്തിൽ നമുക്കും പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

ശനിയാഴ്ച ഒമ്പതാം മണിയുടെ നമസ്ക്കാരം കോലോ



ഫിലിപ്പോസ് റമ്പാൻ
('ജ്യോതിസ് ആശ്രമം, അബു റോഡ് - രാജസ്ഥാൻ)

"ശ്രീയുത്ഥാനത്തിന്നേകി- ശരണം ജീവിപ്പിന്നേറ്റിയവൻ
സംപൂജ്യൻ; ധന്യൻ പൗലൂ-സ്സ്തോതുന്നസ്ഥിരനോടേവം
'ഭോഷാ ! ധാന്യം വിത ചെയ്താൽ
വളരാകേടെന്യേ മഹിമാ
വോടാദാമ്യകുലം- ജീവിച്ചീടുമെന്നറിയിച്ചാൻ.

പാതാളേ ചെന്നിഹ മൃതിയെ-
വെന്നോരാദ്യ തനൂജൻ സ്തുത്യൻ
തന്നെക്കണ്ടശ്വാസത്തോ- ടാദാം തല താഴ്ത്തിക്കുപ്പി-
ച്ചൊന്നാൻ ' നാഥാ പിഴ പോക്കി-
സുതരൊപ്പം മുന്നം ഞാൻ പിൻ-
വാങ്ങിയ പറുദീസ്സിൽ- ചേർത്തീടണമിങ്ങൂന്നെന്നെ."

നമ്മുടെ ആരാധനാപാരമ്പര്യത്തിൽ ഒരു ദിവസത്തെ ഏഴു യാമങ്ങളായി തിരിച്ചിട്ടുള്ളതിൽ അവസാനത്തെ യാമമാണ് ഒമ്പതാം മണി യേശുക്രിസ്തുവിന്റെ ക്രൂശു മരണത്തിനു ശേഷം കബറടക്കിയ സമയം ഒമ്പതാം മണിയായിരുന്നു. എല്ലാ മൃതന്മാരും കബറടക്കപ്പെട്ടിരിക്കുന്ന അവസ്ഥയിൽ അവരെ പ്രത്യേകം ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന സമയം കൂടിയാണിത് അതുകൊണ്ട് ഈ സമയത്ത് പ്രാർത്ഥനകളിൽ പ്രധാന ചിന്താവിഷയം വാങ്ങിപ്പോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണ്

മനുഷ്യന് മരണത്തിൽനിന്ന് ഉയർപ്പു നൽകി ജീവിപ്പിച്ചവൻ ആരാധ്യനാകുന്നു വിശുദ്ധ പൗലോസ് ശ്ലീഹാ ചഞ്ചല ചിത്തമുള്ളവരോടു പറഞ്ഞതിപ്രകാരമാണ് ധാന്യം വിതച്ചാൽ അത് നശിച്ചു ഇല്ലാതായിട്ടില്ലേ വളരുന്നത്?

'മൂഢാ, നീ വിതെക്കുന്നതു ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. നീ വിതെക്കുന്നതോ ഉണ്ടാകുവാനുള്ള ശരീരമല്ല, കോതമ്പിന്റെയോ മറ്റു വല്ലതിന്റെയോ വെറും മണിയത്രേ വിതെക്കുന്നതു;ദൈവമോ തന്റെ ഇഷ്ടംപോലെ അതിന്നു ഒരു ശരീരവും ഓരോ വിത്തിന്നു അതതിന്റെ ശരീരവും കൊടുക്കുന്നു'.(1 കൊരിന്ത്യർ 15 : 36 -38) 'മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നേ. ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു, അദ്രവത്വത്തിൽ ഉയിർക്കുന്നു;

അപമാനത്തിൽ വിതെക്കപ്പെടുന്നു, തേജസ്സിൽ ഉയിർക്കുന്നു; ബലഹീനതയിൽ വിതെക്കപ്പെടുന്നു, ശക്തിയിൽ ഉയിർക്കുന്നു;' (1 കൊരിന്ത്യർ 15: 42-43) ഇതു ഗ്രഹിക്കാത്തവൻ ഭോഷനാണ് ആദാമിൽ തുടങ്ങിയ മനുഷ്യജാതി മഹിമയോടെ ജീവിക്കുമെന്ന് താൻ അറിയിച്ചു.

മരണത്തെ ജയിച്ച് പാതാളത്തിൽ ചെന്ന് ആദ്യ പുത്രൻ വന്ദിതനാകുന്നു. 'ആത്മാവിൽ അവൻ ചെന്നു, പണ്ടു നോഹയുടെ കാലത്തു പെട്ടകം ഒരുക്കുന്ന സമയം ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു.' (1 പത്രൊസ് 3:19)

'ഇതിന്നായിട്ടല്ലോ മരിച്ചവരോടും സുവിശേഷം അറിയിച്ചതു.' (1 പത്രൊസ് 4:6) തന്നെ കണ്ടപ്പോൾ ആദാം ആശ്വാസത്തോടെ തലതാഴ്ത്തി വണങ്ങി എന്നിട്ട് പറഞ്ഞു നാഥാ ! എന്റെയും മക്കളുടെയും പിഴപോക്കി ആദ്യം ഞാനായിരുന്ന പറുദീസയിൽ ഇവിടെ നിന്നും എന്നെ ചേർക്കേണമേ !.



ഫാ. യൂഹാനോൻ ജോൺ തിരുവിതാംകോട് അരപ്പള്ളിയുടെ അസിസ്റ്റൻറ് മാനേജർ

തിരുവിതാംകോട് അരപ്പള്ളിയുടെ അസിസ്റ്റന്റ് മാനേജർ ആയി ഏപ്രിൽ 16 മുതൽ ഫാ. യൂഹാനോൻ ജോൺ പൂവകാട്ടിലിനെ പരിശുദ്ധ കാതോലിക്കാ ബാവാ നിയമിച്ചു.


"ഓരോ പ്രതിസന്ധിയും ഓരോ ന്യായവിധിയാണ്; സമൂഹത്തിലും നമ്മുടെ മനസ്സാക്ഷിയിലും എവിടെയാണ് തകരാറു പറ്റിയിരിക്കുന്നത് എന്ന് കണ്ടുപിടിക്കാനും, തകരാറിലായതു നേരെയാക്കാനുമുള്ള ഒരു ആഹ്വാനമാണത്."

- ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

(From "THE HUMAN PRESENCE: Ecological Spirituality and the Age of the Spirit", page 3)

ഉദിച്ചുയർന്ന കനകതാരം

അഡ്വ. ഡോ. പി. സി. മാത്യു
കെ. വി. മാമ്മൻ



ചരമ സപ്തതി
ഏപ്രിൽ 17–ന്

ഓർമ്മ ഏപ്രിൽ 17–ന്
പുത്തൻകാവ് പള്ളിയിൽ

വർഷങ്ങൾക്കു മുൻപ് മലങ്കരസഭയുടെ നിർമ്മലനീലാകാശപ്പരപ്പിൽ അത്യുജ്ജ്വല പ്രകാശധാര ചൊരിഞ്ഞുകൊണ്ട് ഒരു കനകനക്ഷത്രം പ്രത്യക്ഷമായി. ആ തേജോഗോളത്തിന്റെ മാസ്മര തേജസ്സിൽ ജനങ്ങൾ അന്തംവിട്ട് ആഹ്ളാദിച്ചു തിമർക്കുന്നതിനിടയിൽ ഒരു കൊള്ളിമീൻ പോലെ അത് അനന്തവിഹായസ്സിൽ പെട്ടെന്ന് പൊട്ടിത്തകർന്നുപോയി. സഭാമക്കളുടെ ഹൃദയക്ഷേത്രത്തിൽ നിത്യദുഃഖത്തിന്റെ കൈത്തിരി കത്തിച്ചു വെച്ചുകൊണ്ട് ആ പുണ്യാത്മാവ് മറഞ്ഞു. ആ ദൈവികപുരുഷനെ കണ്ടും കേട്ടും, മതിയും, കൊതിയും തീരാത്ത ജനതതി ആ തീവ്ര വിയോഗ ദുഃഖത്തിൽ ഏങ്ങലടിച്ചു കരഞ്ഞു. ആ മഹാത്മാവിന്റെ അന്ത്യശാസനം നേരിൽ ഏറ്റുവാങ്ങാൻ അപൂർവ്വ ഭാഗ്യം ലഭിച്ച കുന്നംകുളം നസ്രാണികൾ ആബാലവൃദ്ധം മനം നൊന്തു വിതുമ്പി. ആ സ്വർഗ്ഗീയ ഗായകന്റെ ശബ്ദമാധുരി നുകർന്ന് ദിവ്യാനുഭൂതിയുടെ മാസ്മര ലോകത്തിലേക്ക് ഉയരാൻ വെമ്പിയിരുന്ന ജനസഹസ്രങ്ങൾ ചെവി വട്ടം പിടിച്ചു ശ്രദ്ധിച്ചിട്ടും ആ ദേവഗായകന്റെ തേനൂറുന്ന നാദം കേൾക്കാൻ കഴിയാതെ നിരാശരായി, മൗനികളായി ദീർഘ നെടുവീർപ്പിട്ടു. മരത്തംകോട് ചാപ്പലിലെ കൊച്ചു കിടപ്പുമുറിയിൽ തിരുമേനിയുടെ അന്ത്യശ്വാസം ലയിച്ചു കഴിഞ്ഞപ്പോൾ സർവ്വശക്തനായ ദൈവം തമ്പുരാൻ മലങ്കരസഭയ്ക്ക് കനിഞ്ഞ് സമ്മാനിച്ച നിധിപേടകം തിരിച്ചെടുത്തതായി ചുറ്റും നിൽക്കുന്നവർക്കു തോന്നി. അതിന്റെ ദുഃഖവും, നടുക്കവും ആറു ദശാബ്ദം കഴിഞ്ഞിട്ടും വിട്ടുപോയിട്ടില്ല.

മലങ്കരസഭയുടെ പ്രിയങ്കരനായ പുത്തൻകാവ് കൊച്ചുതിരുമേനി എന്ന ഓമനപ്പേരിൽ വിഖ്യാതനായ തുമ്പമൺ ഇടവകയുടെ ഗീവർഗീസ് മാർ പീലക്സിനോസിന്റെ ജീവിതം സഭാമക്കൾക്ക് ആവേശവും, ആനന്ദവും അളവറ്റു പകർന്ന് കൊടുക്കാൻ പര്യാപ്തമായ പ്രകാശധാരയാണ്. നൂറ്റാണ്ടുകൾ പിന്നിടുമ്പോൾ അപൂർവ്വമായേ എല്ലാം തികഞ്ഞ പ്രതിഭാശാലികളെ ദൈവം തമ്പുരാൻ ഈ ലോകത്തിലേക്ക് അയയ്ക്കാറുള്ളു. ആ ഉൽകൃഷ്ട ശ്രേണിയിൽപെട്ട മഹാപുരോഹിതനായിരുന്നു മാർ പീലക്സിനോസ്. സർവ്വശക്തന്റെ പാദപീഠത്തിൽ നിന്ന് അനവദ്യമായ പരിമള താലന്തുകൾ ആ ശ്രേഷ്ഠ മഹാചാര്യന് ഒട്ടേറെ ലഭിച്ചിരുന്നുവെന്ന് തിരുമേനി പിന്നിട്ട വഴിത്താരകൾ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസിലാകും. അത്യന്തം അപൂർവ്വമായ മഹൽസിദ്ധികളുടെ സംഗമ സ്ഥാനമായിരുന്നു അദ്ദേഹം.

സാമാന്യ ജനങ്ങൾക്ക് അനുകരിച്ച് പഠിക്കാനോ, എത്തിപ്പിടിക്കുവാനോ കഴിയാത്ത അപാരമായ മേധാശക്തി സർവ്വശക്തനായ ദൈവം കൊച്ചു തിരുമേനിക്ക് വലിയ അളവിൽ കനിഞ്ഞ് നൽകിയിരുന്നു. മാർ പീലക്സിനോസിന്റെ പ്രഭാഷണ പരമ്പര ശ്രവിക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള മനീഷികളുടെ മനസ്സിന്റെ അടിത്തട്ടിൽ ആ പൊന്നു തിരുമേനി ഇന്നും ജീവിക്കുന്നു. അവിടത്തെ തൃക്കരങ്ങൾ അർപ്പിച്ചിട്ടുള്ള ദിവ്യബലിയിൽ പങ്കെടുക്കാൻ കൃപ ലഭിച്ചവർ ഒരു പരമോന്നത ദിവ്യാനുഭൂതിയായി ആ വിശുദ്ധ കുർബ്ബാനയെ ഹൃദയത്തിന്റെ ഉള്ളറകളിൽ എന്നെന്നും കാത്തുസൂക്ഷിക്കും. തിരുമേനിയുടെ ആരാധനാ ഗീതങ്ങളുടെ അസുലഭ മധുരിമ നുകർന്ന ഭക്തജനങ്ങൾക്ക് അതൊരു തീരാ ലഹരി തന്നെ പ്രദാനം ചെയ്തു. ആ ഗാനഗന്ധർവ്വന്റെ സ്വരമാധുരി ഈ മണ്ണിൽ ഒരു മായാ പ്രപഞ്ചം സൃഷ്ടിച്ചു. സന്ധ്യാപ്രാർത്ഥനയ്ക്ക് ‘ഞങ്ങൾക്കുള്ള കർത്താവേ, ഞാനിഹനിദ്രയൊഴിഞ്ഞിട്ട്.....’ എന്നു തുടങ്ങുന്ന മാർ അപ്രേമിന്റെ ഹൃദയഹാരിയായ പ്രാർത്ഥനാഗീതം മറ്റാരും ചൊല്ലിക്കേൾക്കാത്ത ഒരു പ്രത്യേക രീതിയിൽ തിരുമേനിയുടെ പുഷ്കല കണ്ഠനാളത്തിൽ നിന്ന് ഉണർന്നുയരുമ്പോൾ സർവ്വചരാചരങ്ങളും കോരിത്തരിച്ച് നിന്നു പോകും. പരിപാവനമായ സായംസന്ധ്യകളിൽ തിരുമേനി എഴുന്നള്ളി സന്ധ്യാ വന്ദനം നടത്തുന്ന വിശുദ്ധ ദേവാലയത്തിൽ നിന്ന് ഉയർന്നു പൊങ്ങുന്ന ഹൃദയഹാരികളായ സ്തോത്രഗീതങ്ങൾ കേട്ട് റീശേൻ മാലാഖമാരും, സ്രാപ്പികളും, സകല സ്വർഗ്ഗീയ സേനകളും നിശ്ചയമായും ആനന്ദ നിർവൃതി നേടിയിരിക്കാം. തിരുമേനിയെ കണ്ടിട്ടില്ലാത്തവരോട് അമ്പത്തിനാലാം വയസ്സിൽ മൺമറഞ്ഞു പോയ ആ മഹാപുരോഹിതന്റെ മഹിമകൾ പറഞ്ഞ് ഫലിപ്പിക്കുവാൻ ശ്രമിക്കുന്നതു തികച്ചും ശ്രമസാദ്ധ്യമാണ്.

1951 ഏപ്രിൽ 17 ചൊവ്വാഴ്ച രാവിലെ പത്തേകാൽ മണിക്ക് ആ പരിശുദ്ധന്റെ ആത്മാവ് തന്റെ സ്രഷ്ടാവിന്റെ തിരുസന്നിധിയിലേക്ക് യാത്രയായി. മരത്തംകോട് പള്ളിയോട് അനുബന്ധിച്ചുള്ള കൊച്ചുകിടപ്പു മുറി അദ്ദേഹത്തിനു മരണശയ്യ ഒരുക്കി. തിരുമേനിയുടെ അന്ത്യശ്വാസം പാവനമായ ആ വിശുദ്ധ ദേവാലയത്തിലെ മൃദുലാന്തരീക്ഷത്തിൽ വിലയം പ്രാപിച്ചപ്പോൾ പ്രകൃതി പോലും നടുങ്ങി നിന്നു. “എപ്പോഴൊ, എവിടെയോ, നിനക്കു തിരുമനസ്സാകുന്ന പ്രകാരം അടിയനെ ചേർത്തു കൊള്ളണമേ” എന്നുള്ള പിതാക്കന്മാരുടെ പ്രാർത്ഥന അതേപടി ചൊല്ലു കയും, ആഗ്രഹിക്കുകയും, ചെയ്തുവന്നിരുന്ന കൊച്ചുതിരുമേനിയുടെ അന്ത്യസങ്കേതം, താൻ തന്നെ ശിലാസ്ഥാപനം നടത്തി, താൻ തന്നെ ആദ്യം വിശുദ്ധ കുർബ്ബാനയർപ്പിച്ച മരത്തംകോട് പള്ളിയിലായി. അഹോ! സെന്റ് ഗ്രിഗോറിയോസ് ദേവാലയമേ! നീ എത്ര ഭാഗ്യവതി! വിദൂരമായ തുമ്പമൺ ഭദ്രാസനത്തിന്റെ അരുമനാഥൻ അവസാന നിമിഷത്തിൽ നിന്നിൽ ശരണപ്പെട്ട് വന്നണഞ്ഞല്ലോ. ആ പരിശുദ്ധ പിതാവ് ഈ പള്ളിയിൽ വെച്ച് കാലം ചെയ്തതിനാൽ തിരുമേനിയുടെ നാമത്തോ ടൊപ്പം ഈ ദേവാലയത്തിന്റെ നാമവും അനശ്വരമാകുവാൻ ദൈവം സംഗതിയാക്കി.

മലങ്കര സഭാമക്കളുടെ ഹൃദയവികാരങ്ങളെ അപ്പാടെ കവർന്നെടുത്തു കളഞ്ഞ ആ യഹോവായുടെ അഭിഷിക്തൻ ഇനി തിരിച്ചു വരാത്തവിധം പൊയ്പ്പോയെന്ന പരമാർത്ഥം അംഗീകരിക്കാൻ മനസ്സ് കുറെനാൾ കൂട്ടാക്കിയില്ല. അദ്ദേഹത്തിന്റെ അന്ത്യശാസനം പലവുരു വായിച്ച് കണ്ണുനീർ ഒഴുക്കിയിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ച് എഴുതാൻ തുടങ്ങുമ്പോൾ നയനങ്ങൾ ഈറനണിഞ്ഞ് എഴുത്തും പല തവണ തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും പിടികിട്ടാത്ത ഒരു ചോദ്യം മനസ്സിൽ തങ്ങിനിൽ ക്കുന്നു. ദൈവം, പുത്തൻകാവ് കൊച്ചുതിരുമേനിയെ എന്തേ ഇത്ര പെട്ടെന്ന് മടക്കി വിളിക്കാൻ? എത്ര തത്വചിന്താപരമായി മറിച്ചും, തിരിച്ചും നിർവ്വചിച്ചിട്ടും ഇതിനൊരു സമാധാനം കിട്ടിയിട്ടില്ല. കഴിഞ്ഞ തലമുറയ്ക്കും ഇതേ ചോദ്യം അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട്. മലങ്കരസഭയ്ക്ക് വരദാനമായി ലഭിച്ച പരുമല കൊച്ചുതിരുമേനിയേയും ദൈവം എന്തേ ഇത്ര വേഗം മടക്കി വിളിക്കാൻ? അനന്തവും അജ്ഞാതവു മായ ശാശ്വത മൂല്യങ്ങളുടെ പരംപൊരുളുകളെ വിചിന്തനം ചെയ്യാനും, ചികഞ്ഞുനോക്കി ഉത്തരം തേടാനുമുള്ള കഴിവ് വിധാതാവ് നമുക്ക് നൽകിയിട്ടില്ലല്ലോ! തത്വസംഹിതകൾക്കും, വേദാന്ത ചിന്ത കൾക്കും ഉപനിഷത്തു കൾക്കും തലമുറകളായി തൃപ്തികരമായ ഉത്തരം നൽകാൻ കഴിയാത്ത ആ ചോദ്യം ഇന്നും പ്രസക്തമായി നിലകൊള്ളുന്നു. എന്നാലും സ്വാർത്ഥ മോഹങ്ങൾ കൊണ്ടായിരിക്കാം, പാവപ്പെട്ട കൊച്ചു മലങ്കരസഭയിൽ യുഗപ്രഭാവനായ പൊന്നുതിരുമേനി കുറച്ചുനാൾ കൂടി നമ്മോടൊത്ത് ഉണ്ടായിരുന്നെങ്കിൽ എന്ന് മനസ്സ് വൃഥാ കൊതിച്ചു പോകുന്നു. ഹൃദയമേ ശാന്തമാകു! പുത്തൻകാവ് കൊച്ചുതിരുമേനിയെക്കുറിച്ചുള്ള ഒളിമങ്ങാത്ത സ്നേഹസ്മരണകൾ സഭയ്ക്ക് മനഃശാന്തി നൽകട്ടെ! ❑

പുസ്തകം

മനുഷ്യ സാന്നിദ്ധ്യം

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

THE HUMAN PRESENCE: Ecological Spirituality and the Age of the Spirit
എന്ന ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം: **ഡോ. യാക്കോബ് മാർ ഐറേനിയോസ്**

വാങ്മുഖം

ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള കുറിപ്പുകൾ, വർഷങ്ങൾക്കു മുമ്പ് ഞാൻ തയ്യാറാക്കുമ്പോൾ, മാനവരാശി നേരിടുന്ന പ്രതിസന്ധി, കാലം കഴിയുംതോറും സങ്കീർണ്ണമാകുമെന്ന് ഞാൻ ചിന്തിച്ചിരുന്നില്ല.


ലോകവ്യാപാരങ്ങൾ മിക്കവാറും, ധനമാർജ്ജിക്കാനും, യുദ്ധം ചെയ്യാനും, രാഷ്ട്രീയം കൈയാളാനും ത്രാണിയുള്ള കുശാഗ്രബുദ്ധികളുടെ കൈകളിലാണ്. രാഷ്ട്രങ്ങളിലും സഭകളിലും യഥാർത്ഥ വ്യക്തിവൈഭവമുള്ള നേതാക്കളുടെ അഭാവം നമ്മൾ ജീവിക്കുന്ന കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. വ്യതിരിക്തമെന്ന്, പ്രഥമ വീക്ഷണത്തിൽ കാണപ്പെടുന്നവ തന്നെ, സൂക്ഷ്മപരിശോധനയിൽ പഴയതുപോലെ പണം, യുദ്ധം, ദേശീയവും സ്വാർത്ഥജഡിലവുമായ സംഘങ്ങൾ എന്നിവയുടെ രാഷ്ട്രീയ കേളീരംഗമാണെന്നു കാണാം.

മനുഷ്യവികാസ രഥത്തിന്റെ ഗതിവേഗം വർദ്ധിച്ചിട്ടുണ്ട്. എങ്കിലും, സാരഥിയില്ലാത്തതിനാൽ അത് വെകളിപിടിച്ച് പായുന്നതായി തോന്നുന്നു. അതിനു വിരാമമിടാനോ, നിയത സഞ്ചാരപഥത്തിലേക്കു തിരികെ കൊണ്ടുവരാനോ ആർക്കും കഴിയാത്ത സ്ഥിതിയാണ്. ഉപഭോഗസംസ്കാരം നന്നല്ല എന്നു നാം അറിയുന്നു, എന്നാൽ കൂടുതൽ കൂടുതൽ ഉപഭോഗം നടത്താനല്ലാതെ നമുക്ക് എന്തു ചെയ്യാനാവും? ധനികരും ദരിദ്രരും തമ്മിലുള്ള അകലം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുനമുക്കറിയാം, പക്ഷെ ആ സാഹചര്യത്തിൽ കുറ്റബോധത്തോടെ ജീവിക്കുവാനും, ദരിദ്രർക്ക് വല്ലപ്പോഴും ഒരു കൈത്താങ്ങൽ നൽകാനുമല്ലാതെ എന്താണ് നമുക്ക് ചെയ്യാൻ കഴിയുക? ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയെ കൂടുതൽ ആശ്രയിക്കുന്നതിനാൽ നമ്മുടെ യാഥാർത്ഥ്യബോധം തന്നെ വികലമാകുന്നു എന്നു നാം ഗ്രഹിക്കുന്നു; എന്നാൽ സത്യമായി നമുക്ക് ആത്മസംതൃപ്തി നൽകാനാകാതെയിരിക്കുന്ന യോഗാത്മകത, ജ്യോതിഷം, ഗണിതം ഇടുങ്ങിയ പ്രാദേശികത്വം എന്നിവയുടെ ഒരു മിശ്രണം എന്നിവയല്ലാതെ മറ്റെന്താണ് സംഘടിപ്പിക്കാൻ സാധിക്കുക? നമ്മുടെ ഇവ്വിധ അശക്തിയെക്കുറിച്ചുള്ള ബോധ്യം നമ്മെ തളർത്തിക്കളയുന്നു!

നമ്മുടെ സംസ്കാരത്തിനു ഒരു പൊളിച്ചെഴുത്തു വേണമെന്ന് നമുക്കു ബോധ്യമുണ്ട്. എന്നാൽ സംസ്കാരമെന്നത്, ആസൂത്രകരുടെയും, എൻജീനിയറന്മാരുടെയും സൃഷ്ടിയല്ലല്ലോ. ഇപ്പോൾ നാം ആയിരിക്കുന്ന അവസ്ഥയിൽനിന്ന്, നാം ആയിത്തീരേണ്ട അവസ്ഥയിലേക്കു പ്രയാണം ചെയ്യുന്നതിന്, ഭഗീരഥപ്രയത്നം വേണ്ടിയിരിക്കുന്നു. എന്നാൽ നമ്മുടെ ദർശനം അവ്യക്തമാകയാൽ, ഏതു ദിശയിലേക്കു നീങ്ങണം എന്നു നിർണ്ണയിക്കാൻ നമുക്കാവുന്നില്ല. കാഴ്ചയ്ക്കു വിഘാതം സൃഷ്ടിക്കുന്ന മൂടൽമഞ്ഞ് കനത്തതാണ്; അതോടൊപ്പം നമ്മുടെ കണ്ണിന്റെ കാഴ്ചതന്നെ വികലമായോ?

കണ്ണുകളെ തിരുമ്മി തെളിയിക്കേണ്ടതിനെപ്പറ്റി അല്പം ഇനി പറയാം. എന്നാൽ അതുകൊണ്ടുമാത്രം തെളിവുള്ള കാഴ്ച മടങ്ങിവരികയോ, മൂടൽമഞ്ഞ് നീങ്ങുകയോ ചെയ്യുകയില്ല. സദാചാരനിഷ്ഠകൊണ്ടു മാത്രമേ ആത്മിക ദർശനം സാദ്ധ്യമാകൂ. മൂടൽമഞ്ഞ് നീങ്ങുന്നതിന് ആത്മികതയുടെ ഉൾപ്രവേശനവും അനിവാര്യം തന്നെ. കാഴ്ച നഷ്ടമായതിന്റെയും, മൂടൽമഞ്ഞിന്റെയും ഹേതുവിനെപ്പറ്റി മനുഷ്യർ സംസാരിച്ചു തുടങ്ങേണ്ടതുണ്ട്. അതു നിർണ്ണായകമാണ്.

ഈ ഗ്രന്ഥം ഒരു അഭ്യർത്ഥനയാണ് – ഇക്കാര്യങ്ങളിൽ സമൂഹത്തിന്റെ കൂട്ടായ യത്നം ഉണ്ടാകണമെന്ന അഭ്യർത്ഥന. യഥാർത്ഥ ലക്ഷ്യത്തിലേക്ക് നമ്മെ നയിക്കുന്നതിന് വ്യക്തിപ്രഭാവമുള്ള മനുഷ്യർ, ഭാവിയിൽ എഴുന്നേൽക്കുമെന്നും കരുതാനാവില്ല. മറിച്ച്, മനുഷ്യരാശിയുടെ യഥാർത്ഥ താല്പര്യങ്ങൾക്കു ചുക്കാൻ പിടിക്കുന്ന വ്യക്തിവൈഭവമുള്ള അന്താരാഷ്ട്ര സമൂഹങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.



നിസ്സായിലെ ഗ്രീഗോറിയോസ്


യേശുക്രിസ്തുവിന്റെ സഭ, പൊതുവായ മനുഷ്യസമൂഹത്തിന്റെ മദ്ധ്യേ സ്ഥാപിതമായിരിക്കുന്ന ഒരു സവിശേഷ സമൂഹമാണ്. ലോകത്തിന്റെയും സഭയുടെയും അതിരുകൾക്കപ്പുറത്തേക്കു നീങ്ങുന്നതും, ഓരോ മതത്തിന്റെയും, അതോടൊപ്പം ലൗകിക ചിന്താധാരകളുടെയും വേലിക്കെട്ടുകൾ ബാധിക്കാത്തതുമായ, വ്യക്തിവൈഭവമുള്ള സമൂഹങ്ങളാണ് ഇന്ന് വേണ്ടിയിരിക്കുന്നത്.

നമ്മുടെ കാഴ്ചയെ മന്ദീഭവിക്കുന്ന മൂടൽമഞ്ഞ് എങ്ങനെ ഉദ്ഭൂതമാകുന്നു എന്നു നോക്കാം. ഈശ്വരൻ, മനുഷ്യൻ, ലോകം എന്നിവകൾ തമ്മിലുള്ള ബന്ധവും, ഈശ്വരനും ലോകത്തിനും മദ്ധ്യേ മനുഷ്യരാശിയുടെ ദൗത്യം എന്ത് എന്നിവയെ സംബന്ധിച്ച നമ്മുടെ വികല സങ്കല്പങ്ങൾ അതിനു വഴിവയ്ക്കുന്നു. ഈ ഗ്രന്ഥം ആ ദൗത്യത്തെപ്പറ്റി ഒരു പുനരന്വേഷണം നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ യത്നത്തിന് ആധാരമാക്കിയിരിക്കുന്നത് പരമ്പരാഗതമായ ദൈവശാസ്ത്രം തന്നെയാണ്. അതായത്, പരമ്പരാഗത ധാരണകളെ അങ്ങനെതന്നെ സംരക്ഷിക്കുക എന്നതിനെക്കാൾ, അവയെ പുനർജീവിപ്പിച്ച്, ഏതൽക്കാല പശ്ചാത്തലത്തിൽ പ്രായോഗികമാക്കുക എന്നതാണ് ഉന്നം. ഈ ഗ്രന്ഥകർത്താവിനെ സംബന്ധിച്ചിടത്തോളം, മൗലികവും സമ്പൂർണ്ണവുമായ വ്യതിയാനം എന്നാൽ, ആദിമൂലങ്ങൾ തേടിപ്പോകുക എന്നതാണ്. ക്രിസ്തീയ പിതൃവിജ്ഞാനീയത്തിന്റെ അടിവേരുകളാണ് ഈ ഗ്രന്ഥം തേടുന്നത്. അടിവേരുകൾക്ക് അല്പം വളം നൽകിയാൽ, വൃക്ഷം ഉണങ്ങി നശിക്കാതെ, തളിർത്തു വരുവാൻ ഇടയാകും. ഇക്കാലത്ത് പരിസ്ഥിതി വിഷയങ്ങൾ, സാങ്കേതികവിദ്യ എന്നിവ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് ഈ അന്വേഷണം സമാരംഭിക്കുന്നത്. ധനതത്വശാസ്ത്രവും പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ സവിശേഷഫലമായി പ്രതീക്ഷിക്കുന്നത്, ഒരു പുതിയ ധനതത്വ ശാസ്ത്രമാണ് – മനുഷ്യജീവന്റെ ഗുണപരമായ മേന്മ വർദ്ധിപ്പിക്കുന്ന ഒരു നവ സാമ്പത്തിക ശാസ്ത്രം. ഈ ഉദ്യമത്തിൽ ധനതത്വശാസ്ത്രപടുക്കൾ, ശാസ്ത്രജ്ഞർ, പ്രവാചകന്മാർ എന്നിവർ കൈകോർക്കേണ്ടതുണ്ട്. മൂടൽമഞ്ഞും, ദർശന മണ്ഡലത്തിൽ കാഴ്ചമങ്ങലുമു

ണ്ടെങ്കിലും, ദിശാനിർണ്ണയവും സ്ഥാനീകരണവും കൊണ്ടുവരാനുള്ള ഒരു പരിശ്രമമാണിത്.

മനുഷ്യൻ ഒരു മദ്ധ്യസ്ഥനാണ്. ദൈവം, ലോകം, എന്നീ യാഥാർത്ഥ്യങ്ങൾക്കിടയിലാണ് മനുഷ്യന്റെ നില. മനുഷ്യൻ ഇവ രണ്ടിലും പങ്കാളി മാത്രമല്ല, രണ്ടിനോടും ചേർന്നിരിക്കുന്നവനുമാണ്. ഇവ രണ്ടും കൂടാതെ അവനു ജീവിക്കാനാവില്ല. ഇതു തന്നെയാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പൊരുൾ. എന്നാൽ, പുതിയ മനുഷ്യത്വത്തിനു മാത്രമെ നിലനില്പുള്ളൂ. അതായത് വേർപിരിയാതെ, വ്യക്ത്യാധിഷ്ഠിതമായി, യേശുക്രിസ്തുവിൽ ദൈവത്തോട് ചേർന്നിരിക്കുന്ന പുതിയ മനുഷ്യത്വം. യേശുക്രിസ്തുവിന്റെ ദൈവ-മനുഷ്യസ്വഭാവത്തിന്റെ കേന്ദ്രം ഇതാകയാൽ, പുതിയ മനുഷ്യത്വം മദ്ധ്യസ്ഥത നടത്തുന്നതാണ്; അത് ദൈവത്തെയും മനുഷ്യസ്വഭാവത്തെയും തമ്മിൽ രഞ്ജിപ്പിച്ച് ഒന്നാക്കുന്ന മനുഷ്യത്വമാണ്. അത് അവതീർണ്ണമായ മനുഷ്യത്വമാണ്; അത് സമസ്ത സൃഷ്ടികളുടെയും ഭാഗവും, സ്രഷ്ടാവിനോട് അഭേദ്യമായി ചേർന്നിരിക്കുന്നതുമാണ്.

അപ്പോൾ ഇതാണ്, പ്രപഞ്ചത്തിലെ മനുഷ്യസാന്നിധ്യത്തിന്റെ സാരം. ക്രിസ്തുവിൽ ആയിക്കൊണ്ട്, ദൈവ-മനുഷ്യ സ്വഭാവങ്ങളെയും, സ്രഷ്ടാവിനെയും സൃഷ്ടിയെയും അതീന്ദ്രിയമായതിനെയും, അന്തർലീനമായതിനെയും, ആത്മികതയെയും, ശാസ്ത്രസാങ്കേതികവിദ്യകളെയും ഒന്നാക്കുക എന്നതാണത്. 'ക്രിസ്തു നമ്മിൽ വസിക്കുന്നു' എന്ന മർമ്മത്തിലേക്കു പ്രവേശിക്കുക എന്നാൽ ക്രിസ്ത്യാനികളായ നമ്മിലും, മനുഷ്യരായ നമ്മിലും, സൃഷ്ടികളുടെ അഭേദ്യമായ ഭാഗം എന്ന നിലയിലും ക്രിസ്തു വസിക്കുന്നു എന്നർത്ഥം.



ഭാവികാലത്തേക്ക് ബിംബങ്ങൾ നിർമ്മിക്കുന്ന ക്ലേശകരമായ കലാരൂപം വിജയിക്കുന്നതിന്, മഹാനൈപുണികളായ കലാകാരന്മാരും, പരിശുദ്ധാത്മ നൽവരവും അനിവാര്യമാണ്. ഇക്കാലത്ത് ലോകം നേരിടുന്ന പ്രതിസന്ധികൾ, "സർവ്വനാശം" എന്നു നിനച്ച് നിരാശപ്പെടാനോ, പൊള്ളയായ പ്രത്യാശ വളർത്താനോ ഉപയോഗിക്കുവാൻ പാടില്ല. ഓരോ പ്രതിസന്ധിയും ഓരോ ന്യായവിധിയാണ്; സമൂഹത്തിലും നമ്മുടെ മനസ്സാക്ഷിയിലും എവിടെയാണ് തകരാറു പറ്റിയിരിക്കുന്നത് എന്ന് കണ്ടുപിടിക്കാനും, തകരാറിലായതു നേരെയാക്കാനുമുള്ള ഒരു ആഹ്വാനമാണത്.

പരിസ്ഥിതികാര്യങ്ങൾ, ധനവിനിയോഗം, നീതി നടപ്പാക്കൽ, വിശ്വാസപാലനം, തൊഴിൽ, ആയുധശേഖരം മുതലായ മേഖലകൾ നേരിടുന്ന പ്രതിസന്ധികൾ, മനുഷ്യരാശി വഴിതെറ്റിലാണെന്നും, അത് ആയിത്തീരേണ്ട അവസ്ഥയിൽ എത്തിയിട്ടില്ലെന്നും ചൂണ്ടിക്കാണിക്കുന്നു.

പൊതുവെ, ഒരു ദിശാബോധം നിർദ്ദേശിക്കാനുള്ള എളിയ പരിശ്രമമാണീ ഗ്രന്ഥം. ഇതിന്റെ പേജുകളിൽ നിറഞ്ഞുനിൽക്കുന്ന ഒട്ടനവധി ചിന്തകരുടെ ആശയങ്ങളോടു കടപ്പാടുണ്ട്. സഭകളുടെ ലോക കൗൺസിലിലെ Dr. Paul Abrecht, W. C. C. യുടെ "സഭയും സമൂഹവും" പ്രവർത്തക സമിതിയിലെ എന്റെ സഹപ്രവർത്തകർ എന്നിവരോടും ഞാൻ കടപ്പെട്ടിരിക്കുന്നു. അതോടൊപ്പം റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി ലൈബ്രറിയിലാണ് ഇതിന്റെ പണികൾ മിക്കവാറും നടന്നത്; Pontifical Commission for Justice and Peace നോടും കടപ്പാടുണ്ട്. എഡിറ്റിംഗിൽ സഹായിച്ച Peter Scherhans, Audrey Abrecht എന്നിവരോടും നന്ദിയുണ്ട്. ടൈപ്പിംഗ് ജോലികൾ നിർവ്വഹിച്ചത് Christa Stalschus, Audrey Smith എന്നിവരാണ്. റോമിലും ജനീവയിലുമുള്ള പലരും ഇതിൽ സഹായം നൽകിയതും നന്ദിപൂർവ്വം സ്മരിക്കുന്നു.

ഉള്ളടക്കം

1

നേരിടുന്ന പ്രശ്നം

"മനുഷ്യരാശിക്ക് ഇനി ഏകദേശം മുപ്പത്തിയഞ്ചു വർഷത്തെ ആയുസ്സേയുള്ളൂ"[1] എന്ന് David Lyle അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത് അതിശയോക്തി കലർന്ന ഒരു പ്രസ്താവനയാണെന്ന് നിങ്ങൾക്കു തോന്നിയേക്കാം. മൃദുവായ ഒരു മന്ദഹാസം മാത്രമേ നമ്മിൽനിന്നും ഈ നർമ്മത്തിനു നേരെ ഉതിരുകയുള്ളു. ഇതിന്റെ നിവാരണത്തിന് വിദഗ്ദ്ധരായ ആളുകൾ വഴി കണ്ടുപിടിക്കുമെന്ന് നാം വിശ്വസിച്ചിട്ടുണ്ട്. എന്നാൽ, ഇന്ന് മനുഷ്യരാശി അഭിമുഖീകരിക്കുന്ന പ്രശ്നം കൈകാര്യം ചെയ്യാൻ തങ്ങൾ അശക്തരാണെന്ന് ചില ശാസ്ത്രജ്ഞരും, സാങ്കേതികവിദഗ്ദ്ധരും നമ്മോട് പറയുന്നുണ്ട്. അതുകൊണ്ട്, ഒരു പക്ഷേ, "വൈകിപ്പോയോ?"[2] എന്ന് John Cobb ഉന്നയിച്ചിരിക്കുന്ന ചോദ്യം നമുക്ക് ആശ്വാസത്തിനു വക നൽകുന്നില്ല എന്നു തോന്നാം. ഈ ഭൂമിയിൽ മനുഷ്യരാശിയുടെ നിലനില്പിന്റെ തന്നെ പ്രശ്നമല്ലേ ഇത്?

അങ്ങനെയാണ് വിചാരിക്കേണ്ടത്. Cobb ഉന്നയിച്ചിരിക്കുന്നത് കേവലം ഒരു ആലങ്കാരിക പ്രശ്നമല്ല; അതേ സമയം, അതു നമ്മെ ഭയത്തിലേക്കും നിരാശയിലേക്കും തള്ളിവിടേണ്ടതുമല്ല. മറിച്ച്, അതു നമ്മെ ചിന്തിപ്പിക്കുകയും, ഇച്ഛാശക്തിയെ ഉദ്ദീപ്തമാക്കുകയും ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. പൂർണ്ണമായി വൈകിപ്പോയിട്ടില്ലായിരിക്കാം; പക്ഷെ പാഴാക്കാൻ നമുക്കു സമയം ശേഷിച്ചിട്ടില്ല. കൂടുതൽ ചിന്തയും വിശകലനവും കൂടാതെ ദ്ധടുതിയിൽ പ്രവർത്തനനിരതമാകേണ്ടിയിരിക്കുന്നു.[3] എന്നാൽ വിദഗ്ദ്ധർ മാത്രമല്ല; നമ്മളും ചിന്തിക്കേണ്ടവരാണ്. പ്രശ്നത്തിന്റെ മാനങ്ങൾ അതീവ വിസ്തൃതമാകയാൽ, മനുഷ്യരാശിയുടെ പക്കലുള്ള സമസ്ത വിഭവശേഷിയും പ്രയോഗിക്കേണ്ടിയിരിക്കുന്നു.

ഈ ഗ്രന്ഥത്തിൽ, രണ്ട് പ്രശ്നങ്ങളാണ് ഉന്നയിക്കുന്നത്:

1. ഇപ്പോഴത്തെ സന്നിഗ്ദ്ധാവസ്ഥയിൽ, മനുഷ്യരാശിയുടെ നിലനില്പിനെപ്പറ്റിയുള്ള സമസ്യകൾ ഏവ?

2. ക്രിസ്തീയ പാരമ്പര്യത്തിൽ, ഈ സന്നിഗ്ദ്ധാവസ്ഥയെ തരണം ചെയ്യാനുള്ള വിഭവശേഷികൾ എന്തെല്ലാം?

1. ഇപ്പോൾ നേരിടുന്ന പ്രതിസന്ധി

മനുഷ്യരാശി ഇന്ന് എതിരിടുന്ന പ്രതിസന്ധിയുടെ വലിപ്പവും ചടുലതയും ഗ്രഹിക്കുന്നതിന്, നമ്മുടെ ഭാവനാശേഷിയുടെ ഒരു കുതിച്ചുചാട്ടം അനിവാര്യമാണ്.

ലോകത്തെ തുറിച്ചുനോക്കുന്ന ഒരു പ്രശ്നമാണ് ദാരിദ്ര്യം; ഇത്തരം സാമൂഹ്യ അസമത്വങ്ങൾ ഏറെനാൾ അങ്ങനെ നിൽക്കില്ല; സമൂഹത്തിന്റെ ഉള്ളിലും രാജ്യങ്ങൾ തമ്മിലും നീതി നടപ്പാക്കിയേ തീരൂ. ഭൂമി ഒരു ഗ്രഹമാണ്; അതിന്റെ ഒരു ഭാഗവും, മറ്റു ഭാഗങ്ങളുടെ ചെലവിൽ സുഖം അനുഭവി

ക്കാൻ പാടില്ല. എല്ലാ ജനതകൾക്കും ക്രിയാത്മകമായ രീതിയിൽ തൊഴിൽ ചെയ്തു ജീവിക്കാൻ അവകാശമുണ്ട്; എല്ലാവർക്കും സ്വതന്ത്രമായും അന്തസ്സായും ജീവിക്കുവാൻ അവകാശമുണ്ട്; ഭൂമിയിലെ എല്ലാ വിഭവങ്ങളുടെമേലും എല്ലാവർക്കും അവകാശമുണ്ട്. ലോകത്തിൽ പല ഭാഗത്തും തൊഴിലാളിക്ക് ലഭിക്കുന്ന വേതനത്തിൽ ഭാരിച്ച അന്തരം നിലനിൽക്കുന്നത് അങ്ങനെ തുടരാനാവില്ല. ലോകസംസ്ക്കാരം സമ്പുഷ്ടവും വൈവിധ്യമാർന്നതുമായിരിക്കണം. ലോകത്തിന്റെ ഏതെങ്കിലും കോണിലുള്ളവർ ആജ്ഞാപിക്കുന്നതുപോലെയോ, നിശ്ചയിക്കുന്നതുപോലെയോ അല്ല; സ്വതന്ത്രമായി, ക്രിയാത്മകമായി പ്രവർത്തിക്കുവാൻ മനുഷ്യർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം.

ഇത്തരം കാര്യങ്ങൾ സാധിതപ്രായമാക്കുന്നതിന്, സാമ്പത്തിക അധിനിവേശം, സാംസ്കാരിക സാമ്രാജ്യ ദുഷ്പ്രഭുത്വം എന്നിവയ്ക്ക് അറുതിവരുത്തിയേ തീരൂ. യൂറോപ്യൻ വികസന പദ്ധതിയാണ് ഈ ചുമതലകൾ നമ്മെ ഏല്പിച്ചിരിക്കുന്നത്. യൂറോപ്യൻ വികസന തന്ത്രം, ലോകത്തെ കൂട്ടിയിണക്കിയിരിക്കുന്ന ഏകകങ്ങളാകാനുള്ള സാദ്ധ്യത തുറന്നിട്ടിട്ടുണ്ട്. മേല്പറഞ്ഞ രണ്ടു പ്രയത്നങ്ങളും ലളിതമോ, നിസ്സാരമോ അല്ല. വരുംനാളുകളിൽ അത്യദ്ധ്വാനവും, ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങളും ഇതിനു വേണ്ടിയിരിക്കുന്നു.

ഇവിടെ സൂചിപ്പിക്കുന്നത് ബൃഹത്തും മൗലികവുമായ ഒരു സംഗതിയെപ്പറ്റിയാണ്. അതായത്, ചരിത്രത്തിലെ ഒരു യുഗത്തിന്റെ അന്ത്യം. നാനൂറു വർഷങ്ങൾക്കു മുമ്പ് പൊടുന്നനെ ആത്മിക മാറ്റങ്ങൾ ഉതിർത്തുവിട്ട ക്രിയാത്മക നീരുറവകളായിരുന്നു ഈ യുഗത്തിന്റെ കാതൽ. യൂറോപ്പിലെ നവോത്ഥാനം, പ്രൊട്ടസ്റ്റന്റ് മതനവീകരണം, ഫ്രഞ്ചു വിപ്ലവം, വ്യാവസായിക വിപ്ലവം, ആധുനിക ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയെല്ലാം ഇതിന്റെ ഭാഗമാണ്. ഫ്രാൻസിസ് ബേക്കൺ, ഡെക്കാർട്ടെ, സെയിന്റ് സൈമൺ, കാൾ മാർക്സ്, ഇമ്മാനുവൽ കാന്റ്, ഫ്രോയിഡ്, ഡേവിഡ് ലിവിംഗ്സ്റ്റൺ, വാസ്കോഡഗാമാ എന്നിവരെല്ലാം ഇപ്പോൾ അസ്തമിക്കുന്ന ആ യുഗത്തിലെ ജ്യോതിർഗോളങ്ങളാണ്.

ഭാവനാശേഷിയുടെ ഒരു ബൃഹത് സ്ഫോടനമായിരുന്നു, വഴിമാറുന്ന ആ യുഗത്തിന്റെ പ്രാണൻ. അമ്മാതിരി, നവമായ മറ്റൊരു സ്ഫോടനം വഴി മാത്രമെ, ഏതാനും നൂറ്റാണ്ടുകളെങ്കിലും നിലനില്ക്കാനുള്ള മറ്റൊരു യുഗത്തിന്റെ സൃഷ്ടികർമ്മം നിർവഹിക്കാനാകൂ. ശാസ്ത്രവും സാങ്കേതികവിദ്യയും ലോകത്തുനിന്ന് പട്ടിണിയും ദാരിദ്ര്യവും തുടച്ചുനീക്കുന്നതിനും, നീതി നടപ്പാക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നൽകി; പക്ഷെ അതിന് അനുപേക്ഷണീയമായ ഇച്ഛാശക്തി നമുക്കു നൽകാൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല! ഇതും ഇന്നിന്റെ പ്രതിസന്ധിയാണ്. ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ അസ്തിത്വം തന്നെ ഇന്നു ചോദ്യം ചെയ്യപ്പെടുന്നു.

ഇക്കാര്യം വിശദമാക്കാൻ കൂടുതൽ തെളിവുകൾ ആവശ്യമില്ല. ഈ സംവാദത്തിന് ശക്തമായ ചുറ്റുപാടുകൾ ഒരുക്കിത്തന്നിരിക്കുന്നത് 'The limits of Growth' എന്ന Club of Rome ന്റെ റിപ്പോർട്ടു തന്നെയാണ്.[4] Massachusetts Institute of Technology-ൽ നടന്ന കമ്പ്യൂട്ടർ പ്രോഗ്രാം ഗവേഷണത്തിലൂടെ ഉരുത്തിരിഞ്ഞ, അയുക്തിജഡിലമായ ഈ റിപ്പോർട്ടിലെ നിഗമനം ഇങ്ങനെയാണ്: ഏതാനും പതിറ്റാണ്ടുകളെങ്കിലും ഈ ഭൂമി നിലനില്ക്കുന്നതിനുള്ള പ്രായോഗിക മാതൃക രണ്ടു കാര്യങ്ങളാണ്, ജനസംഖ്യാ വളർച്ചയും, സാമ്പത്തിക വളർച്ചയും ഇപ്പോഴത്തെ നിലയിൽ പിടിച്ചുനിർത്തുക. അപഹാസ്യമായ ഈ കുറിപ്പു ZPG-ZEG (ജനസംഖ്യാ നിയന്ത്രണം - സാമ്പത്തിക നിയന്ത്രണം) എന്ന 'പുത്തൻ സുവിശേഷം' എന്നു പരിഹസിക്കപ്പെട്ടിട്ടുണ്ട്.

ക്ലബ് ഓഫ് റോമിന്റെ റിപ്പോർട്ട് "വളർച്ചാ പ്രതിസന്ധി"യിലെ മൂന്നു പ്രധാന സമസ്യകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

1) അനിതരസാധാരണമായ ജനസംഖ്യാ വർദ്ധന.

2) ഭൂമിയിലെ, പുനർജീവിപ്പിക്കാനാവാത്ത വിഭവസ്രോതസ്സുകൾ ശൂന്യമാകുന്നത്.

3) മനുഷ്യജീവന്റെ സ്വാഭാവിക പ്രകൃതിയിൽ, മലിനീകരണം, ധാതുക്ഷയം, നഗരവൽക്കരണം എന്നിവ വരുത്തുന്ന നാശം.

തുടർന്നു നടന്ന സംവാദങ്ങൾ, പ്രശ്നപരിഹാര നിർദ്ദേശങ്ങളുടെയും പരിപാടികളുടെയും അപര്യാപ്തത വെളിവാക്കിയിട്ടുണ്ട്. എങ്കിലും, ഭൂമിയിൽ മനുഷ്യവംശം നേരിടുന്ന പ്രതിസന്ധി ഭയാനകമാണെന്ന് ഈ പ്രശ്നം പഠിച്ചിട്ടുള്ളവർ സമ്മതിക്കുന്നു. ഒടുവിൽ, പുലി, വാതില്ക്കൽ എത്തിയിരിക്കുന്നു! പുലിയല്ലേ, അതിന് നമുക്കെന്തെങ്കിലും ചെയ്യാനാവും; അല്ലെങ്കിൽ പുലി നമ്മെ തിന്നുകളയും!

പുലി ഒരു പ്രശ്നമല്ലെന്നും, 'അതിനെ വകവരുത്താനുള്ള തോക്ക്, സാങ്കേതികവിദ്യ താമസംവിനാ കണ്ടുപിടിക്കുമെന്നുള്ള ഉറപ്പ്, അമേരിക്കയിലെ Hermann Kahn പോലെയുള്ളവർ നൽകുന്നുണ്ട്. എന്നാൽ ആഫ്രിക്കയിൽ നിന്നും, ഏഷ്യയിൽ നിന്നും ലാറ്റിനമേരിക്കയിൽ നിന്നുമല്ലാത്ത വേറെ ചിലർ പറയുന്നത്, നിലവിലിരിക്കുന്ന അന്താരാഷ്ട്ര "അനീതിഘടന"യിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടുന്നതിനാണ്, 'പുലി'യുടെ നേരെ വിരൽ ചൂണ്ടുന്നതെന്നാണ്.[6] ഭൂമിയിൽ മനുഷ്യരാശിയുടെ നിലനില്പ്, ഏതാനും തലമുറകൾക്കപ്പുറം മനുഷ്യവംശം തുടരുമോ? മുതലായ പ്രശ്നങ്ങളെപ്പറ്റി വിദഗ്ദ്ധർ ചർച്ചചെയ്തുകൊണ്ടേയിരിക്കും. എന്നാൽ അവരുടെ അന്തിമ നിഗമനങ്ങൾക്കായി അനന്തമായി കാത്തിരിക്കാൻ നമുക്കു സമയം പോരാ. ആകയാൽ, ലഭ്യമായിരിക്കുന്ന തെളിവുകളുടെ പശ്ചാത്തലത്തിൽ, പരിണിതപ്രജ്ഞരും സംവേദനക്ഷമതയുള്ളവരുമായവർ, മനുഷ്യജാതിയുടെ നിലനില്പിനെപ്പറ്റിയും, നാം വളർത്തിയെടുക്കേണ്ട ജീവന്റെ മേന്മയെപ്പറ്റിയും പുതുതായി ചോദ്യങ്ങൾ ഉന്നയിക്കേണ്ടിയിരിക്കുന്നു.

ഇപ്പോഴത്തെ സമൂഹം ലക്ഷ്യമാക്കുന്ന കാര്യങ്ങൾ അപര്യാപ്തങ്ങളാണെന്ന ചിന്ത ഇന്നു പരക്കെ നിലവിലുണ്ട്; ആകയാൽ അവയ്ക്ക് ഒരു പുനർനിർണ്ണയം കൂടിയേ തീരൂ. ഇപ്പോഴത്തെ സാമൂഹ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയല്ലേ?

1) ഭൗതികവസ്തുക്കളുടെ പരമാവധി ഉല്പാദനവും ഉപഭോഗവും.

2) വസ്തുക്കളുടെയും സേവനങ്ങളുടെയും വിതരണത്തിൽ നീതിനിർവഹണവും പങ്കാളിത്തവും.

3) താഴെ കൊടുത്തിരിക്കുന്ന പരസ്പരബന്ധിതമായ ആറ് ഘടകങ്ങളുടെ വെളിച്ചത്തിൽ മേല്പറഞ്ഞ ലക്ഷ്യങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു:

1) ചില ന്യൂനപക്ഷ ശാക്തികചേരികൾ, അന്താരാഷ്ട്ര സാമ്പത്തിക നീതിയെ ഭയാനകമായ രീതിയിൽ എതിർക്കുന്നു (ഉദാ: ഐക്യരാഷ്ട്ര സംഘടനയുടെ Development Decade-ന്റെ ലക്ഷ്യം നേടുന്നതിനുള്ള പരാജയം; ഐക്യരാഷ്ട സംഘടനയുടെ 'വാണിജ്യ-വികസന' കോൺഫ്രൻസിന്റെ പരാജയം).

2) ഭൂമിയുടെ പരിമിതമായ വിഭവങ്ങളുടെ ചൂഷണം, ഉപഭോഗം എന്നിവയിലെ ചിന്താശൂന്യത.

3) മനുഷ്യരാശിയിൽ, ഒരുമ, പരസ്പരബന്ധം എന്നിവയെപ്പറ്റിയുള്ള അവബോധം കുറയുന്നു; അങ്ങനെ പ്രാദേശികത വളരുന്നു.

4) 'മുക്തി' പ്രഥമമായും അടിസ്ഥാനപരമായും ഒരു സാമ്പത്തിക, രാഷ്ട്രീയ ജീവിയല്ലെന്നുള്ള ചിന്താഗതി, അതോടൊപ്പം ഉപഭോഗ സംസ്ക്കാരത്തിന്റെ നേർക്കുള്ള അതൃപ്തി.

5) കഴിഞ്ഞ ഒന്നുരണ്ടു നൂറ്റാണ്ടുകളായി, മനുഷ്യർ പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നത് തടഞ്ഞില്ലെങ്കിൽ, നാം അധിവസിക്കുന്ന ഭൂമിയുടെ നാശത്തിനു കാരണമാകുമെന്നുള്ള ചിന്ത.

6) ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലുമുള്ള വിശ്വാസക്കുറവ്; ഇന്നു കാണുന്ന പ്രതിസന്ധികളുടെ ഉത്തരവാദി, ശാസ്ത്രസാങ്കേതിക വിദ്യകളാണെന്നുള്ള പരാതി.

"നിലനില്പ്" എന്നതല്ല പ്രധാന പ്രശ്നം; പ്രത്യേകിച്ചും ചരിത്രത്തിന് അവസാനമുണ്ടാകുമെന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം. മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം സാർവ്വകാലികമായ രണ്ട് ശത്രുക്കളാണുള്ളത് - പാപവും മരണവും. അതായത്, മനുഷ്യവർഗ്ഗത്തിന്റെ മരണം, ഭൂമിയെന്ന ഗ്രഹത്തിന്റെ മരണം, വ്യക്തികളുടെ മരണം, അഥവാ പാപം, ഇല്ലായ്മയിലേക്കുള്ള പാച്ചിൽ എന്നിവ. ഈ ശത്രുക്കളെയാണ് തന്റെ ക്രൂശുമരണം, പുനരുത്ഥാനം എന്നിവ വഴിയായി ക്രിസ്തു നേരിട്ട് പരാജയപ്പെടുത്തിയത്. പാപം, മരണം എന്നിവയ്ക്കെതിരായുള്ളവയെ ഉറപ്പിക്കാനും വളർത്താനുമാണ് ക്രിസ്ത്യാനികൾ ജീവിക്കുന്നത്. അതായത്, നീതിയും ജീവനും, തത്വശാസ്ത്ര ഭാഷയിൽ പറഞ്ഞാൽ നന്മയും, ആയിരിക്കുന്നതും ആയിത്തീരേണ്ടതും. 'ഇല്ലാതാകുക' എന്ന ഭീഷണി ഒഴിവാക്കുകയും വേണം. ശാന്തമായും

പരിഭ്രമിക്കാതെയും ഈ വൈതരണി നമുക്കു നേരിടാനാവും. എന്നാൽ, ഇരുളിന്റെയും മരണത്തിന്റെയും ശക്തികളോടുള്ള നമ്മുടെ പോരാട്ടത്തിൽ നിന്നും ഒഴിഞ്ഞിരിക്കാൻ പാടില്ല. ഈ ശക്തികളെ ഒന്നൊന്നായി കണ്ടെത്തി, വെല്ലുവിളിച്ച്, കീഴ്പ്പെടുത്തുക തന്നെ വേണം. ക്രിസ്തു നേടിയ വിജയം ഈ പോരാട്ടത്തിനു പ്രേരണ നൽകുന്നുണ്ട്.

നന്മകൊണ്ട് തിന്മയെയും, ജീവൻകൊണ്ടു മരണത്തെയും ജയിക്കണമെന്ന്, തന്റെ സഭയിലൂടെ ക്രിസ്തു നമ്മോട് ആജ്ഞാപിച്ചിരിക്കുന്നു. തിന്മയെ കണ്ടുപിടിക്കുക മാത്രമല്ല; ദൈവത്തോട് ചേർന്നു നിന്നുകൊണ്ട് നന്മ സൃഷ്ടിക്കാനും നമുക്ക് ചുമതലയുണ്ട്.

ഈ വൈതരണി തുടരുകയാണ്. എതിരാളികളുടെ കോലാഹലം നമ്മെ പിന്തിരിപ്പാൻ പാടില്ല. American Association for the Advancement of Science-ന്റെ മുൻ പ്രസിഡണ്ട് Don K. Price ഒരിക്കൽ പ്രസ്താവിച്ചത് ഇങ്ങനെയാണ്:

"എതിരാളികൾ നിരാശരാകുന്നതിൽ അദ്ഭുതമില്ല. അവർ കൂടുതൽ നിരാശരാകേണ്ടതാണെന്ന് ഞാൻ വിചാരിക്കുന്നു. തിങ്ങിനിറഞ്ഞ ലോകത്ത് അഴിച്ചുവിട്ടിരിക്കുന്ന സാങ്കേതിക ശക്തിയെ നിയന്ത്രിക്കാൻ എളുപ്പമല്ല. മനുഷ്യസംസ്ക്കാരത്തിന്റെ സമ്പൂർണ്ണം സർവ്വനാശം കേവലം വികൃതമായ ഒരു ഭാവന മാത്രമല്ല."[7]

അതേ, ഇത് യുഗാന്ത്യ കാലമാണ്. മനുഷ്യചരിത്രത്തിൽ ഇത്തരം ഘട്ടങ്ങൾ പലപ്പോഴും സംജാതമായിട്ടുണ്ട്; എങ്കിലും നാം അവയെ അതിജീവിച്ചിട്ടുണ്ട്. നാം നിഷ്ക്രിയരായിരിക്കാതെ, ഭാവിയുടെ ദുഃസൂചനകൾ തിരിച്ചറിഞ്ഞ്, വർത്തമാനകാലത്ത് ക്രിയാത്മകമായും നവമായും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. "ഇമ്മാതിരി ഒട്ടനവധി വൈതരണികളെ ഞങ്ങൾ അതിജീവിച്ചിട്ടുണ്ട്; ഇതിനെയും തരണം ചെയ്യും" എന്ന അലസചിന്ത തീരെ പാടില്ല.

2. ക്രിസ്തീയ പ്രതികരണം ഇന്ന്

നമ്മുടെ ആവാസഭൂമിക്ക് ഇത്രയധികം ചേതം വരുത്തുവാൻ നമുക്ക് കരുത്തു പകർന്നത് ശാസ്ത്ര-സാങ്കേതിക വിദ്യകളാണ്. കാലക്രമത്തിൽ ഇതിനു പരിഹാരം കാണാൻ ശാസ്ത്രവും സാങ്കേതികവിദ്യയും നമുക്കു പ്രാപ്തി നൽകിയേക്കാം. പോയ രണ്ടു നൂറ്റാണ്ടുകളിൽ അപകടകരമായതരത്തിൽ ശാസ്ത്രവും സാങ്കേതികവിദ്യയും വളർന്നതിന്റെ പ്രധാന ഉത്തരവാദികൾ ക്രിസ്തീയ വിശ്വാസം, അഥവാ യഹൂദ-ക്രിസ്തീയ പാരമ്പര്യമാണെന്നുള്ള സാരമായ ഒരു ധാരണ നിലവിലുണ്ട്. അവ പാശ്ചാത്യ ക്രിസ്തീയ പശ്ചാത്തലത്തിലാണ് വളർന്നു വികസിച്ചത് എന്നത് അവിതർക്കിതമാണ്. 'The Historical Roots of our Ecological Crisis' എന്ന Lynn White ന്റെ ലേഖനം[8] ഈ സംവാദത്തിനു വഴിമരുന്നിട്ടു. പരിസ്ഥിതിമേലുള്ള കൈയേറ്റം വരുത്തിവച്ചിരിക്കുന്ന അപകടസന്ധിക്ക്, ക്രിസ്തീയ വേദചിന്ത ഉത്തരവാദിയാണെന്ന് അദ്ദേഹം വാദിക്കുന്നു. എന്നാൽ Paul Ehrlich-നെപ്പോലുള്ള വേറെ ചിലരാകട്ടെ, അന്ധമായ ശാസ്ത്രസാങ്കേതിക വിദ്യയുടെയും സമ്പത്തിലൂന്നിയ, അനിയന്ത്രിതമായ സംസ്കാരത്തിന്റെ വളർച്ചയുടെയും ഉത്തരവാദി യഹൂദ-ക്രിസ്ത്യൻ പാരമ്പര്യമാണെന്നു കരുതുന്നു.

ഇവിടെ പാശ്ചാത്യ, യഹൂദ-ക്രിസ്ത്യൻ പാരമ്പര്യത്തെ പുരസ്കരിച്ചുള്ള വാദഗതിയെപ്പറ്റി കൂടുതൽ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. Linn White ന്റെ വാദം ഇങ്ങനെ തുടരുന്നു: "ശാസ്ത്രവും സാങ്കേതിക വിദ്യയും പ്രകൃതിയുടെ നേർക്കുള്ള പരമ്പരാഗത ക്രിസ്തീയ ചിന്തയാൽ പൂരിതമാണ്. അക്കാരണത്താൽ, പരിസ്ഥിതി പ്രശ്നത്തിൽ ഒരു പരിഹാരം നിർദ്ദേശിക്കാൻ അവരെക്കൊണ്ടു മാത്രം സാധ്യവുമല്ല." പരിസ്ഥിതി പ്രശ്നം സൃഷ്ടിച്ചതിനുത്തരവാദി ക്രിസ്തീയ വിശ്വാസം മാത്രമല്ലാത്തതിനാൽ, അവർക്കു തനിയെ ഒരു പരിഹാരം കണ്ടുപിടിക്കാൻ പറ്റില്ല എന്നു സാരം.

ക്രിസ്ത്യാനികൾക്ക് പ്രകൃതിയുടെ നേർക്ക് വ്യത്യസ്തങ്ങളായ രണ്ട് മനോഭാവങ്ങളുണ്ടായിട്ടുണ്ട്. അവ രണ്ടും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പൊരുളിനു നിരക്കാത്തവയുമാണ്. ഒന്നാമത്, പദാർത്ഥത്തെയും, ഭൗതികലോകത്തെയും വിലയുള്ളതായി കരുതാത്ത ക്രിസ്തീയ സന്യാസ പാരമ്പര്യം. ഇതിൽ ബുദ്ധമതം, സൊരാസ്ട്രിയ മതം, നവ പ്ലേറ്റോണിക്ക് ചിന്ത, സ്റ്റോയിസിസം എന്നിവയുടെ ആഴത്തിലുള്ള സ്വാധീനം പേറുന്ന സെമറ്റിക് ഇതര, യവന പാരമ്പര്യം കാണാം. രണ്ടാമത്, പ്രകൃതിയെ അറിയുവാനും, ഉപയോഗിക്കാനുള്ള ഒരു വസ്തുവായി ഗണിക്കുന്ന ആധുനികരീതി.

രണ്ടാമത്തെ മനോഭാവത്തിന്റെ അടിവേര്, "പ്രകൃതിയെ അടക്കിഭരിക്കണ"മെന്നുള്ള വേദശാസ്ത്രമൊന്നുമല്ല. ഒരുകാലത്ത് കാൽവിനിസം ശക്തമായി പ്രചരിപ്പിച്ച "തൊഴിലിന്റെ വേദശാസ്ത്രം" പോലും ഇതിൽ ലഘുവായ ഉത്തരവാദിത്തം മാത്രമേ പേറുന്നുള്ളു. കുരിശുയുദ്ധങ്ങൾ പുതിയ ലോക 'വ്യാപാര' രീതികൾ കൊളോണിയലിസം, സാമ്രാജ്യത്വം എന്നിവയിലാണ് അതിന്റെ അടിവേരുകൾ ദൃശ്യമാകുന്നത്. ആരോടും വിരോധം കൂടാതെയും, നിഷ്കളങ്കത്വം നടിക്കാതെയും നമുക്കൊരു ചോദ്യം ഉന്നയിച്ചുകൂടേ. 'ധാർമ്മികത'യിൽ പൊതിഞ്ഞതും ആർജ്ജവ സ്വഭാവമുള്ളതുമായ അത്യാഗ്രഹം, യൂറോപ്പിന്റെ വളർച്ചയ്ക്കു പിന്നിലെ ഒരു ഘടകമല്ലേ? വ്യാപാരത്തിനുവേണ്ടി ആരംഭിച്ചുവെങ്കിലും അത് കോളനിവൽക്കരണത്തിലേക്കു വളർന്നു; ലോകത്തെ വിഭവങ്ങളെയും, വ്യാപാര ശൃംഖലയെയും കൊള്ളയടിച്ച് പണം സമ്പാദിച്ച്, വ്യവസായങ്ങൾ വളർത്താനുള്ള ശ്രമമായി മാറി.[9] ആക്രമണോത്സുകമായ അധികാരശക്തി, തന്ത്രപൂർവ്വമായ ചതി എന്നിവയുടെ കൂടെപ്പിറപ്പായ അത്യാഗ്രഹം ലോകരാജ്യങ്ങളെ ചൂഷണം ചെയ്യാനും, അവയുടെ വ്യവസായ ശൃംഖലയെ തകർക്കാനും ഉപയോഗിച്ചു. കൊളോണിയലിസത്തെയും സാമ്രാജ്യത്വത്തെയും ഫലപ്രദമായി നേരിട്ടതു കമ്യൂണിസമാണ്. വെല്ലുവിളി നടത്തിയ കമ്യൂണിസത്തെപോലും സ്വന്തം വാണിജ്യരീതിയിലേക്കു ചേർക്കാനുള്ള ഗൂഢതന്ത്രങ്ങളാണ് അവർ പ്രയോഗിക്കുന്നത്. പാശ്ചാത്യ ലോകത്ത് ശാസ്ത്രസാങ്കേതിക വളർച്ചയ്ക്കു വഴിവച്ചത്, അത്യാഗ്രഹത്തിലും, അധികാര ശക്തിയിലുമൂന്നിയ ഈ സംസ്ക്കാരമായിരുന്നു എന്നത് നാം വിസ്മരിക്കരുത്. ഈ സത്യം നാം അംഗീകരിച്ചാൽ, ചൂഷണത്തിലുള്ള നമ്മുടെ പങ്കിനെപ്പറ്റിയുള്ള കുമ്പസാരം കൂടുതൽ അകൃത്രിമമായേനേ.

പൗരസ്ത്യ വേദശാസ്ത്രത്തിന്റെയും, കൊള്ളയടിക്കപ്പെട്ട ലോകത്തിന്റെ മൂന്നിൽരണ്ടു ഭാഗത്തിന്റെയും വീക്ഷണത്തിൽ, ഇക്കാര്യത്തിൽ പാശ്ചാത്യ ക്രിസ്തുമതത്തിൽനിന്നും പാശ്ചാത്യ സംസ്കൃതിയിൽ നിന്നും അകന്നു നിന്നുകൊണ്ട്, ഇന്നത്തെ അപകടസന്ധിയുടെ പൂർണ്ണ ഉത്തരവാദികൾ "അവർ" മാത്രമാണെന്നു പറയാനാവില്ല. വേദശാസ്ത്രത്തിലെ വഴിതെറ്റലുകളും വ്യതിയാനങ്ങളും കിഴക്കും പടിഞ്ഞാറും സംഭവിച്ചിട്ടുണ്ട്. അത്യാഗ്രഹവും അക്രമസ്വഭാവവും പാശ്ചാത്യരിൽ മാത്രം കാണുന്ന സ്വഭാവമല്ല. അവയെ അതിജീവിക്കേണ്ട ആവശ്യം ലോകത്തിന്റെ മൂന്നിൽരണ്ടു ഭാഗത്തും, പാശ്ചാത്യലോകത്തും തീവ്രമാണ്. വാസ്തവത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനം നടത്തി, നീതിനിഷ്ഠമായ ഒരു സമൂഹം കെട്ടിപ്പെടുക്കാനുള്ള നമ്മുടെ പരിശ്രമങ്ങളെ പരാജയപ്പെടുത്തുന്നത് നമ്മുടെതന്നെ ഒടുങ്ങാത്ത അത്യാഗ്രഹവും, നമ്മുടെയിടയിലുള്ള കൂട്ടായ ആക്രമണ സ്വഭാവവുമാണ്.

പരിസ്ഥിതി പ്രശ്നം മനുഷ്യരാശിക്കും, മനുഷ്യജീവനും നേരെ ഉയർത്തുന്ന ഭീഷണി വിശദമാക്കുക; പുതിയ അന്വേഷണവും വിചിന്തനവും നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ തേടുക എന്നിവ ഈ ഗ്രന്ഥത്തിന്റെ പ്രധാന ലക്ഷ്യമാണ്.

കാലിഫോർണിയായിലെ Berkeley യിലെ Pacific School of Religion -ലെ അദ്ധ്യാപകനായ Conrad Bonifazi എന്ന Congregational Pastor, "സ്വാഭാവികലോകത്തെ[10] മൂല്യശോഷണത്തിന് ആക്കം കൂട്ടുന്ന ഓർത്തഡോക്സ് ക്രിസ്തുസഭ" എന്ന വാദഗതിയെ എതിർത്ത് ഒരു പുതിയ വേദശാസ്ത്രം അവതരിപ്പിക്കുന്നവരിൽ ഒരുവനാണ്. പൗരസ്ത്യ ഓർത്തഡോക്സ് സഭ എന്ന് ക്ലിപ്തമായി പ്രൊഫസർ Bonifazi പറയുന്നില്ല. എങ്കിലും ആ പുരാതന സജീവ പാരമ്പര്യത്തെയും ഈ ചർച്ചയിൽ അവതരിപ്പിക്കേണ്ടതാണ്. അത് Bonifazi യുടെ "വചന ദൈവശാസ്ത്രം" എന്നതിന് എതിരായിട്ടല്ല; മറിച്ച് മറ്റൊരുരീതിയിൽ ഈ പ്രശ്നത്തെ സമീപിക്കുന്നതിനാണ്.

പരാമൃഷ്ടമായ പൗരസ്ത്യ ഓർത്തഡോക്സ് വീക്ഷണം കേവലം വേദപുസ്തകപരമോ, പ്രകൃതി എന്ന ആശയത്തെ യഥാസ്ഥാനപ്പെടുത്തുന്നതിനോ അല്ല. പൗരസ്ത്യ ദൈവശാസ്ത്രം എന്നും ആശ്രയിച്ചിട്ടുള്ളത്, ആരാധനാ ജീവിതം, വേദഗ്രന്ഥം, വി. പിതാക്കന്മാരുടെ ലിഖിതങ്ങൾ, സാർവ്വത്രിക സുന്നഹദോസ് തീരുമാനങ്ങൾ എന്നിവയിലൂടെ പ്രകാശിതമാകുന്ന സമ്പൂർണ്ണ വിശുദ്ധ പാരമ്പര്യത്തിലാണ്. എന്നാൽ ഈ പാരമ്പര്യം എന്നും സജീവമാണ്, അടച്ചുപൂട്ടി വച്ചിരിക്കുന്നതല്ല. "പ്രകൃതിയുടെ പുനഃസ്ഥാപനം" അതിന്റെ നിഗമനമാകണമെന്നില്ല. നേരെമറിച്ച്, ദൈവം-മനുഷ്യരാശി-ലോകം, ഇവ തമ്മിലുള്ള ബന്ധം ആരാഞ്ഞറിയുന്നതിനും, അവയ്ക്ക് ഇന്നത്തെ പ്രതിസന്ധിയുടെ നിവാരണത്തിന് എന്തു ചെയ്യാനാവും എന്നുമുള്ള ഒരു അന്വേഷണമാണ്.

(തുടരും)

9

1064: ആയിരത്തി അറുപത്തിനാലല്ല!

ഡോ. എം. കുര്യൻ തോമസ്

മലങ്കര സഭാ തർക്കവുമായി ബന്ധപ്പെട്ട് നിരന്തരം ഉയർന്നു വരുന്ന രണ്ടു സംഖ്യകളാണ് 1934-ഉം 1064-ഉം. മലങ്കര സഭാ ഭരണഘടന പാസാക്കിയ വർഷമാണ് 1934 എന്നും, മലങ്കരസഭയിൽ കേസിലുൾപ്പെട്ട പള്ളികളുടെ സംഖ്യയാണ് 1064 എന്നും സാമാന്യേന അറിയാം എങ്കിലും 1064-ന്റെ ഉത്ഭവവും വ്യാപ്തിയും ബഹുഭൂരിപക്ഷത്തിനും അജ്ഞാതമാണ്.

1970-കളിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് അനധികൃതമായി ഏതാനും മെത്രാന്മാരെ വാഴിച്ചതിനെ തുടർന്നുണ്ടായ വ്യവഹാര പരമ്പരയിലാണ് 1064 പള്ളികൾ എന്ന സംജ്ഞ ഉടലെടുക്കുന്നത്. അപ്രകാരം വാഴിക്കപ്പെട്ട പൗലൂസ് മാർ അത്താനാസ്യോസ്, തോമസ് മാർ ദീവന്നാസ്യോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് പ്രതികളായും, ഒരു കോറെപ്പിസ്ക്കോപ്പയും 10 കത്തനാരുമാരും മൂന്നു ശെമ്മാശന്മാരും പ്രതികളായും കോട്ടയം ജില്ലാ കോടതിയിൽ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ ഒന്നാം വാദിയായും, ഒന്നാം വാദിയുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെടുകയും സഹായിയായി നിയമിക്കപ്പെടുകയും ചെയ്തിരിക്കുന്ന മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ രണ്ടാം വാദിയായും 1974-ൽ ഫയൽ ചെയ്ത കേസിനെത്തുടർന്നാണ് 1064 പ്രത്യക്ഷപ്പെട്ടത്. കോട്ടയം ജില്ലാ കോടതിയിൽ അസൽ 1974-ൽ 147 എന്നു നമ്പറിട്ട ഈ കേസ്, *മോറാൻ മാർ ബസേലിയോസ് കാതോലിക്കാ Vs. പി.എം.എ. മെത്രാപ്പോലീത്താ* എന്നാണ് നിയമ വൃത്തങ്ങളിൽ അറിയപ്പെടുന്നത്.

ഒന്നു മുതൽ മൂന്നുവരെ പ്രതികൾ മെത്രാനടുത്ത കർമ്മങ്ങൾ നടത്തുന്നതും, പ്രതികളാരും മലങ്കര സഭയുടെ പള്ളികളിലോ സ്ഥാപനങ്ങളിലോ പ്രവേശിക്കുന്നതും കർമ്മങ്ങൾ നടത്തുന്നതും നിരോധിക്കണമെന്നുമായിരുന്നു അന്യായത്തിലെ മുഖ്യ അപേക്ഷ. മലങ്കര സഭാ ഭരണഘടന, ഹൂദായ കാനോൻ ഇവ മാത്രമായിരുന്നു തെളിവായി ആദ്യം ഹാജരാക്കിയത്. 1995-ൽ സുപ്രീം കോടതി വിധി പ്രഖ്യാപനം നടത്തിയത് ഈ കേസിലാണ്. ടി. അന്യായത്തിന്റെ പതിനൊന്നാം ഖണ്ഡികയിൽ ... *മലങ്കരസഭയിൽ ഇപ്പോൾ ഏതാണ്ട് പതിനഞ്ചു ലക്ഷം വിശ്വാസികൾ ഏതാണ്ട് ആയിരത്തോളം പള്ളികളിൽ ഇടവക പള്ളികളിൽ ആരാധന നടത്തുന്നു. അവയുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു...* എന്നു പ്രതിപാദിക്കുന്നുണ്ട്. അപ്രകാരം തയാറാക്കി സമർപ്പിച്ച ചാപ്പലുകൾ അടക്കമുള്ള ആരാധനാലയങ്ങളുടെ പട്ടികയിലെ അവസാനത്തെ ക്രമ നമ്പറാണ് 1064. അപ്രകാരമാണ് *1064 പള്ളികൾ* എന്ന പ്രയോഗം പ്രശസ്തമായത്.

എന്നാൽ ടി. കേസിലെ അന്തിമ വിധിപ്രകാരം ക്നാനായ, പൗരസ്ത്യ സുവിശേഷ സമാജം, സിംഹാസന പള്ളികൾ, ഹോണോവാർ മിഷൻ എന്നിവ തൽസ്ഥിതിയിൽ മലങ്കരസഭയുടെ ഭാഗം അല്ലാതെയായി. അതോടെ 1064 പള്ളികളുടെ പട്ടിക തകിടം മറിഞ്ഞു. സുപ്രീം കോടതി നിർദ്ദേശപ്രകാരം മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ ആണോ അല്ലയോ എന്നു നിർണയിക്കുവാൻ സുപ്രീം കോടതി നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ നടത്തുന്ന മലങ്കര അസോസിയേഷനിൽ പങ്കെടുക്കാവുന്ന പള്ളികളുടെ എണ്ണം സംബന്ധിച്ച് വാദപ്രതിവാദം ഉണ്ടായി. മുകളിൽ പറഞ്ഞ വിഭാഗങ്ങളെ ഒഴിവാക്കി 1064-ൽ 913 പള്ളികൾ മാത്രമേ അർഹരായി ഉള്ളു എന്നു മുൻ യാക്കോബായ വിഭാഗം വാദിച്ചു. അവയെ ഒഴിവാക്കി, 1974 ശേഷം സ്വതന്ത്രമായതും പുതുതായി സ്ഥാപിക്കപ്പെട്ടവയുമടക്കം 1624 പള്ളികളുടെ പുതുക്കിയ പട്ടിക മലങ്കര സഭ സമർപ്പിച്ചു. അതോടുകൂടി *1064 പള്ളികൾ* എന്ന പട്ടികയ്ക്ക് പുതിയ മാനം കൈവന്നു. പാത്രിയർക്കീസ് വിഭാഗം അവരുടേതായ ഒരു പട്ടികയും സമർപ്പിച്ചു.

ഈ പട്ടികകളുടെയെല്ലാം അടിസ്ഥാനത്തിലാണ് 2002 മാർച്ച് 20-ന് പരുമലയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വിളിച്ചുകൂട്ടിയത്. 1774 പള്ളികൾക്കാണ് അന്ന് നോട്ടീസ് അയച്ചത്. സുപ്രീം കോടതി നിരീഷകനായ ജ. മളിമഠിന്റെ റിപ്പോർട്ട് പ്രകാരം 1654 പള്ളികളാണ് പട്ടികയിലുള്ളത്. ഇതൊരു പക്ഷേ ആവർത്തനങ്ങളും സ്വതന്ത്ര നിലയുള്ള ചാപ്പലുകളും ഒഴിവാക്കിയതാവാനാണ് സാദ്ധ്യത. ഈ പട്ടിക തയാറാക്കുന്ന ഘട്ടം വരെ മുൻ യാക്കോബായ വിഭാഗം അസോസിയേഷൻ നടപടികളോട് സഹകരിച്ചിരുന്നു. അതിനു ശേഷമാണ് അവർ അസോസിയേഷൻ നടപടികൾ ബഹിഷ്ക്കരിച്ചത്. അതിനാൽ ഈ പട്ടികയിൽ അവർക്ക് തർക്കം പറയാനാവില്ല. ഈ പട്ടികയാണ് ഇന്നത്തെ *1064 പള്ളികൾ*. നിയമപരമായി ആ പള്ളികൾ എല്ലാം മലങ്കരസഭയുടെ ഭാഗവും, 1934 സഭാഭരണഘടനപ്രകാരം ഭരിക്കപ്പെടേണ്ടവയും ആണ്.



ഇന്ന് ആ പട്ടിക അതിലും വിപുലമാണ്. കാരണം പുതിയ ഇടവകകൾ രൂപമെടുക്കുന്നു എന്നതുതന്നെ. 1974-ൽ ഫയൽ ചെയ്ത മൂല അന്യായത്തിലെ ആവശ്യമനുസരിച്ചും, 2017-19 കാലത്തെ സുപ്രീം കോടതി വിധികളനുസരിച്ചും അവയിലൊന്നിലും 1934 ഭരണഘടനപ്രകാരം അല്ലാത്ത വൈദീക സ്ഥാനികൾ പ്രവേശിയ്ക്കുകയോ, കർമ്മം നടത്തുകയോ, ഭരണത്തിലിടപെടുകയോ ചെയ്യാൻ സാധ്യമല്ല. നിലവിലുള്ള പള്ളികളെ പൗരസ്ത്യ സുവിശേഷ സമാജത്തിലോ സിംഹാസന പള്ളികളിലോ ഉൾപ്പെടുത്തി മലങ്കരസഭാ ഭരണഘടനയെ മറികടക്കാനുമാവില്ല.

ഈ പട്ടിക തയാറാക്കിയത് 1963-നു മുമ്പായിരുന്നുവെങ്കിൽ ബാഹ്യകേരളത്തിലെ പള്ളികൾ ഇതിൽ ഉൾപ്പെടുമായിരുന്നില്ല. ആ വർഷമാണ് അവയ്ക്ക് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ അംഗത്വം ലഭിച്ചത്. അതുവരെ അവയെ ഒരു സ്വതന്ത്ര വ്യക്തിത്വമായിട്ടായിരുന്നു കണ്ടുവന്നത്. അവർക്ക് സ്വന്തമായ ഒരു അസോസിയേഷൻ രൂപീകരിക്കാനുള്ള ശ്രമം നടന്നിരുന്നു. പരിഷ്ക്കാരങ്ങളോടെ 1934 ഭരണഘടനയുടെ ഒരു രൂപം ബാഹ്യകേരള പള്ളികൾക്കും അസോസിയേഷനും വേണ്ടി തയാറാക്കുകയും ചെയ്തിരുന്നു. 1963-ൽ ആ ശ്രമം ഉപേഷിച്ച് ബാഹ്യകേരള പള്ളികളെക്കൂടി മലങ്കര അസോസിയേഷന്റെയും മാനേജിംഗ് കമ്മറ്റിയുടേയും അവിഭാജ്യ ഘടകമാക്കി.


ഇന്ന് *1064 പള്ളികൾ* എന്ന പ്രയോഗം കേവലം ഒരു പ്രതീകം മാത്രമാണ്. അതിൽ ഉൾപ്പെട്ടതോ ഉൾപ്പെടാത്തതോ ആയ പള്ളികൾക്ക് പ്രത്യേക സവിശേഷതകളൊന്നുമില്ല. കേസ് ഫയൽ ചെയ്ത 1974-ൽ പ്രസക്തമായിരുന്ന 1064 പള്ളികളുടെ പട്ടികയിൽ ഇന്ന് അതിനേക്കാൾ ബഹുശതം പള്ളികൾ കൂടുതലുണ്ട്. അത് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യും. പക്ഷേ ഇവയെല്ലാം - നിലവിലുള്ളതും, പുതുതായി സ്ഥാപിക്കപ്പെടുന്നവയും - 1934 സഭാഭരണഘടനയുടെ പരിധിയിൽ വരുന്നവയാണ്. അതിനാൽത്തന്നെ പ്രതീകാത്മകമായി അവയെല്ലാം 1064 പള്ളികളിൽ ഉൾപ്പെടും.

വചനതീർത്ഥം

നിരാശയിൽ നിന്നും പ്രത്യാശയിലേക്ക്

പുതുഞായറാഴ്ചയ്ക്കുശേഷം ഒന്നാം ഞായർ (വി. യോഹന്നാൻ 21:1–14)

ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)



യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ ശേഷം മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷനായതാണ് (വി. യോഹന്നാൻ 21:1-14) ഇന്നത്തെ സുവിശേഷ ഭാഗം. തിബെര്യാസ് കടൽക്കരയിൽ യേശു പ്രത്യക്ഷനായി. ശീമോൻ പത്രോസും തോമസും നഥാനിയേലും സെബദിമക്കളും മറ്റു രണ്ടു ശിഷ്യന്മാരും മീൻ പിടിക്കുവാൻ പോയി. അവർക്ക് ഒന്നും കിട്ടാതെ നിരാശരായി കഴിയുമ്പോൾ, യേശുക്രിസ്തു കരയിൽ വന്ന്, അവരെ പ്രത്യാശ നിർഭരരാക്കുന്നു.

നഥാനിയേൽ: തിബെര്യാസ് കടലിൽ മീൻപിടിക്കുവാൻ പോയ ശിഷ്യന്മാരുടെ പേരുകളിൽ ഗലീലയിലുള്ള കാനായിലെ നഥാനിയേലും ഉണ്ടായിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്ന നഥാനിയേൽ, മറ്റു സുവിശേഷങ്ങളിൽ ബർത്തുൽമായി എന്ന പേരിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വി. മത്തായ 10:14, വി. മർക്കോസ് 3: 13, 19, വി. ലൂക്കോസ് 6: 12, 16 ഇവിടെയെല്ലാം ബർത്തുൽമായിയുടെ പേര് ഫീലിപ്പോസിന്റെ പേരിനോട് ചേർന്നാണ് കൊടുത്തിരിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ശിഷ്യന്മാരുടെ പേരുകൾ മുഴുവൻ പറയുന്നില്ല എങ്കിലും ഫീലിപ്പോസിനെ സംബന്ധിച്ച പ്രതിപാദനത്തോടു ചേർന്നു വരുന്നത് നഥാനിയേലിന്റെ പേരാണ് (വി. യോഹന്നാൻ 1:45).

ബർത്തുൽമായി തന്നെയാണ് നഥാനിയേൽ എങ്കിൽ അദ്ദേഹം ഗലീലയിലെ കാനാവിൽ നിന്നുള്ളവനും ഫീലിപ്പോസ് മുഖാന്തിരം ക്രിസ്തുവിങ്കലേക്ക് കടന്നുവന്നവനും ആയിരുന്നു. 'കാപട്യമില്ലാത്ത സാക്ഷാൽ ഇസ്രായേല്യൻ' എന്ന സാക്ഷ്യവും യേശുവിൽ നിന്നു അദ്ദേഹത്തിനു കിട്ടി. (വി. യോഹന്നാൻ 1:43 -51). 'ബർത്തുൽമായിയുടെ രക്തസാക്ഷിത്വം' എന്ന ഒരു അപ്പോക്രിഫൽ കൃതിയുണ്ട്. അതിൽ പറയുന്നത് ബർത്തുൽമായി ഇന്ത്യയിൽ സുവിശേഷം അറിയിച്ചുവെന്നാണ്. ഈ 'ഇന്ത്യ' ഇന്നത്തെ ഇന്ത്യയുടെ വടക്കുഭാഗത്തുള്ള ഏതെങ്കിലും ഒരു പ്രദേശമാകാനാണ് സാധ്യത. 'ഫീലിപ്പോസിന്റെ പ്രവർത്തനങ്ങൾ' എന്ന രേഖയിലും ബർത്തുൽമായിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ജീവനോടെ തോലുരിക്കപ്പെട്ടശേഷം തലകീഴായി ക്രൂശിക്കപ്പെട്ടുവെന്ന് ഒരു പാരമ്പര്യം പറയുമ്പോൾ മറ്റൊന്നിൽ അദ്ദേഹത്തെ വെട്ടിക്കൊന്നുവെന്നു പറയുന്നു.

നിരാശ : നിരാശ മനുഷ്യജീവിതത്തിന്റെ ഭാഗമാണ്. എല്ലാവരിലും നിരാശ കാണാം. അളവിന് വ്യത്യാസം ഉണ്ടെന്നു മാത്രം. നിരാശയുടെ കാരണം കണ്ടെത്താൻ ശ്രമിച്ചാൽ നാം എത്തിച്ചേരുന്നത് ആഗ്രഹങ്ങളിലാണ്. നിരാശ ഉണ്ടാകുന്നത് ആഗ്രഹങ്ങൾ ഉള്ളതുകൊണ്ടാണ്. ആഗ്രഹം ഇല്ലാത്ത മനുഷ്യരില്ല. അതുകൊണ്ട് നിരാശ ഇല്ലാത്ത മനുഷ്യരില്ല. നിരാശ നമുക്ക് ഇഷ്ടമില്ലാത്തതാണ്. അങ്ങനെയെങ്കിൽ നിരാശ ഒഴിവായി കിട്ടണം. അത് സാധിക്കാൻ ഒരു മാർഗ്ഗമേ ഉള്ളൂ. ആഗ്രഹങ്ങൾ ഇല്ലാതിരിക്കുക.

'ലോകമെങ്ങും പോയി സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ' എന്ന ദൗത്യം യേശുക്രിസ്തു ശിഷ്യന്മാരെ ഏല്പിച്ചിട്ടാണ് പോയത്. പക്ഷേ ശിഷ്യന്മാർ അതുകേൾക്കാതെ സ്വന്തഇഷ്ടപ്രകാരം മീൻപിടിക്കുവാൻ പോയി. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. യേശുവിന്റെ മരണത്തിൽ നിരാശരായവർ, ദൗത്യം മറന്ന് പോയി വീണ്ടും നിരാശയുടെ പടുകുഴിയിലേക്ക് വീഴുകയാണ്.

യേശു അവരുടെ അടുക്കൽ ചെന്ന്, അവരെ ബോധ്യപ്പെടുത്തി പറയുന്നത്. 'പറയുന്നത് അനുസരിക്കുക നിങ്ങൾക്ക് ആവശ്യമായതെല്ലാം ലഭിക്കും; ഞാൻ നിങ്ങളോടുകൂടെ ഉണ്ടാകും എന്ന കല്പന മറക്കരുത്. പണം, ആഹാരം, വസ്ത്രം, പാർപ്പിടം ഇവയെക്കുറിച്ചൊന്നും ആകുലപ്പെടരുത്.' ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വവും ജോലിയും ഭംഗിയായി ചെയ്യുക. ദൈവം നല്ല വഴികൾ തുറന്നു തരും. നിരാശ ഇല്ലാതാക്കാനുള്ള വഴിയാണിത്.

ക്രിസ്തുവിൽ കേന്ദ്രീകൃതമായ ജീവിതത്തിനു മാത്രമേ ആഗ്രഹങ്ങൾ ഇല്ലാതാക്കി നിരാശ ഒഴിവാക്കുവാൻ സാധിക്കുകയുള്ളൂ. നിരാശ നമ്മെ നാശത്തിലേക്കു നയിക്കും.

ക്രിസ്തുവിനോടുള്ള അനുസരണം

രാത്രിയിൽ വളരെ അദ്ധ്വാനിച്ചിട്ടും ഒന്നും പിടിപ്പാൻ കഴിയാതെ വഞ്ചിയിൽ കഴിയുന്ന ശിഷ്യന്മാരോട് കർത്താവ് 'പടകിന്റെ വലത്തുഭാഗത്തു വല വീശുവീൻ' (21:6) എന്നു പറഞ്ഞു. അത് അനുസരിക്കുവാൻ തയ്യാറായതാണ് അവരുടെ വിജയത്തിന്റെ കാരണം. രാത്രി മുഴുവൻ കടലിന്റെ എല്ലാ ഭാഗങ്ങളിലും വല വീശിയിട്ടും ഒന്നും കിട്ടാതിരിക്കുമ്പോൾ, വലത്തുവശത്ത് വീശിയാൽ എന്തു കിട്ടാനാണ് എന്ന് ശിഷ്യന്മാർ സംശയിച്ച്, തിരിച്ച് ചോദിക്കാ മായിരുന്നു. പക്ഷേ യാതൊരു മറുചോദ്യവുമില്ലാതെ, കർത്താവ് ആണെന്ന് അറിയാതെ, അവനെ അനുസരിക്കുവാൻ തയ്യാറായി.

അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അത് വലിപ്പാൻ കഴിഞ്ഞില്ല. അപ്പോഴാണ് യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോട്, 'അത് കർത്താവ് ആകുന്നു' എന്നു പറഞ്ഞത്. അത് കർത്താവാണെന്ന് അപ്പോൾ അവർ തിരിച്ചറിഞ്ഞു.

ശിഷ്യന്മാരുടെ അടിസ്ഥാന സ്വഭാവങ്ങളിലൊന്നാണ് അനുസരണം എന്നത്. വി.മത്തായി 4: 19,20 'എന്റെ പിന്നാലെ വരുവീൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' എന്ന് പത്രോസിനോടും അന്ത്രയോസിനോടും ആവശ്യപ്പെട്ടപ്പോൾ ഉടനെ അവർ വല വിട്ടേച്ചു അവനെ അനുഗമിച്ചു. വി. മത്തായി 4:22-യാക്കോബും യോഹന്നാനും പടകിനേയും അപ്പനേയും വിട്ടു അവനെ അനുഗമിച്ചു. വി. മത്തായി 9:9 'മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്തു ഇരിക്കുന്നതു കണ്ടു. എന്നെ അനുഗമിക്കുക എന്ന് അവനോടു പറഞ്ഞു. അവൻ എഴുന്നേറ്റു അവനെ അനുഗമിച്ചു.'

യേശുവിനെ അനുസരിക്കുക എന്നത് എല്ലാ ക്രൈസ്തവരുടെയും ജീവിത ആദർശമായിരിക്കണം. വി. യോഹ. 14:21 'എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ചു അവനു എന്നെത്തന്നേ വെളിപ്പെടുത്തും.'

വലതുവശം ക്രിയാത്മകതയുടെ പ്രതീകം

യേശുക്രിസ്തുവിന്റെ അകാലത്തിലെ വേർപാട് ശിഷ്യന്മാർക്ക് സങ്കടവും നിരാശയും ഭയവും ഉണ്ടാക്കി. അങ്ങനെ ആകുലപ്പെട്ടു ചിന്തിച്ചിരിക്കുമ്പോഴാണ് ശീമോൻ പത്രോസിന്റെ നേതൃത്വത്തിൽ മീൻപിടിക്കുവാൻ പോയത്. രാത്രി മുഴുവൻ വല വീശിയിട്ടും അവർക്ക് ഒന്നും കിട്ടിയില്ല. പ്രഭാതത്തിൽ യേശു, അവരുടെ അടുക്കൽ വന്ന്, 'കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതും ഉണ്ടോ' എന്നു ചോദിച്ചു. അവർ വളരെ നിസ്സഹായതയോടെ നിൽക്കുമ്പോൾ 'പടകിന്റെ വലതുവശത്തേക്ക് വല ഇറക്കുക' എന്ന കല്പന സ്വീകരിച്ചത്.

വലതുവശം ക്രിയാത്മകതയുടെ പ്രതീകമാണ്. സമാധാനത്തിന്റെയും നന്മയുടെയും വിശുദ്ധിയുടെയും സത്യത്തിന്റെയും സ്നേഹത്തിന്റെയും അനുസരണത്തിന്റേയും വശമാണ് വലത്തുഭാഗം. വലത്തുവശത്തെ കാര്യങ്ങൾ ചിന്തിക്കുവാൻ, ശിഷ്യന്മാരെ യേശു ഉദ്ബോധിപ്പിക്കുകയാണ്. 'ഞാൻ ജീവിക്കുന്നു, വേർപെട്ടിട്ടില്ല; നിങ്ങളോടുകൂടെ ഉണ്ട്' എന്ന സന്ദേശമാണ് യേശു അവർക്ക് നൽകുന്നത്.


യേശുക്രിസ്തു ഇന്നും ജീവിക്കുന്നു എന്ന സത്യം നാം മനസ്സിലാക്കി, നിരാശയില്ലാതെ സത്യവും ധർമ്മവും പാലിച്ചു ജീവിക്കുവാനുള്ള കടമ നമുക്കുണ്ട്. വലതുവശത്തെ സ്നേഹിക്കുവാനും നമുക്ക് കഴിയണം. യേശുക്രിസ്തു വലത്തുവശത്തിന്റെ പ്രതീകമാണ്. ഇരുട്ട് ഇടത്തുവശവും പ്രകാശം വലത്തുവശവും ആണെന്ന പ്രതീകാത്മകമായ വിലയിരുത്തൽ നമ്മുടെ ജീവിതത്തിന്റെ മുന്നോട്ടുള്ള ഗമനത്തിൽ അടിസ്ഥാനപരമായ ചിന്തയും ആദർശവുമായി നിലനിൽക്കട്ടെ. ❑

Back to Square one!

First Sunday after New Sunday

Fr. Dr. Joshi Varghese, Bhilai

(Diocesan Education Officer & PRO, Calcutta Diocese)



Evening: St. Jn 21: 15 – 25, Morning: St. Jn 21 : 1-14 , Before Holy Qurbana: Ex 14: 26- 31, Joshua 6:9 -21, Great Wisdom 1: 1-8, Holy Qurbana: Acts 13:26-39, Eph 6: 10- 20

St. John 21: 1-14

The third appearance of the resurrected Jesus before his disciples is described in this passage. The disciples are at Lake of Tiberius (which is also known as Sea of Galilee or Lake of Gennesaret), the same place from where most of them were called by Jesus to join His ministry three and half years before or in another words they are back to square one.

a. Slow to be convinced?

In the 20th Chapter of St. John we read about Jesus appearing to the disciples twice. The Ten apostles (sans Thomas) were shocked and frightened and locked themselves in a room. Jesus appeared and reassured them. "Then the disciples rejoiced when they saw the Lord" (Jn 20:20b). However their joy was short-lived as we find them in the locked room even after a week. Christ again appeared to them. These two visits were able to gradually remove the fear from their minds, but the uncertainty of the future still loomed in their minds. Hence in the next chapter we find Peter and friends venturing out for their old profession of fishing.

One might wonder why Apostles needed three visits (as narrated in John's Gospel) from the resurrected Christ to venture out on their mission. I would like to highlight their 'humaneness' rather than their 'slow faith' or hesitancy on Mission. In fact their retrievals do inspire me. It shows that the apostles were not supermen but ordinary mortals like you and me. They had all the weaknesses of human beings. They had their doubts, fears, anxieties, lack of faith, and inconsistencies similar to us. But they never gave up and surrendered to the will of God. If we feel lost in our way, don't give up. Failures, moments of doubt or anxiety need not mean God is away from you. Like St. Paul who started following Christ religiously from his first encounter, there would be people who would be following Christ right from their birth. There would be others who would always be trying to make God understand our weaknesses like Moses did. (Moses tried to convince God as many as five times that he is not the appropriate person for leading the Israelites to liberation -Ex 3 & 4). The point is, even if we feel dejected or anxious at moments of our faith journey, don't be over worried. If the apostles needed three special visits from Jesus, it may be probable that we might require more such divine interventions to strengthen our Spirits. Don't be discouraged.

b. Revisiting the old Dream

The miraculous catching of fish might appear to Simon and co. as a déjà vu. Almost three and half years before, they had witnessed a similar miraculous fish catching at the same Lake of Galilee. They had an unsuccessful night of fishing and then in the morning, a young man called Jesus came and asked them to cast their net into …. and lo, they have a big catch (Lk 5:1-11). They were then invited to follow Jesus, to follow a Big Dream; to be fishers of men. Since then, they were following Jesus to be 'fishers of men'. They were happy to follow the new dream and life with Jesus appeared rosy as they witnessed Jesus feeding the multitude, healing the sick, curing the demoniacs, raising the dead; some of which they were also able to perform on their own (Mt.). When it seems that they are almost there to fulfill their dream, their world turned upside down with the crucifixion of Jesus. Their dreams were shattered and they felt helpless and aimless. After a few days of self-imposed lockdown, they decided to carry on with their life, in the same old track and abandoned the dream that Jesus had selected them for. Jesus, similar to a thrilling movie, recreates the old scene of their Call and reinstates them to follow His Dream.

Mostly during childhood and youth, people make beautiful plans for their lives. Some might aspire to become a teacher to light the ways of others or a healer to alleviate others pain or a painter to beautifully capture the scenes etc. There are only a few fortunate ones who are really able to pursue their dreams to its fulfillment. Unfortunately most of us had to abandon our dreams midway or even before setting off. This may be because of our lack of dedication, sheer laziness, shortage of resources, hurdles of life and even marriage etc. The Gospel passage is a reminder to revisit our beautiful dreams of life which we had abandoned during our life journey. One of the silver linings of the Covid 19 pandemic was that it gave many an opportunity to revisit their abandoned passions and hobbies and rekindle it. A simple google search would reveal many such inspiring stories. Christ is calling us from the shores of our Galilee to rekindle the dreams we had seen once about our lives once.

c. The Disciple Loved by Lord

The reference about "the disciple whom Jesus loved" is unique to St. John Gospel and it appears in five occurrences (John 13:21-30; 18:15-18; 19:26-27; 21:7 and 21:20). Biblical scholars assume that John, the son of Zebdee is referred to as "the disciple whom Jesus loved". It may be due to the modesty of John or because he wanted to highlight on Jesus and others that he doesn't take his own name. John who started his work with Jesus as Sons of Thunder (Mk 3:17), along with his brother James, ended up as Apostle of love. John appears to have best understood Jesus when he summarised the whole commandments as ' to Love God' and ' to love your neighbour'. It is John who states that God is Love (1 Jn 4:8,18). For him "those who abide in love abide in God, and God abides in them" ; this is the essence of spirituality.

Abou Ben Adhem , a poem by Leigh Hunt, tells the tale of a Sufi saint. "Ben Adhem encounters an angel, who is writing a record of those who love God. Learning his name isn't on this list, Ben Adhem instructs the angel to mark him down as one who loves his 'fellow men'. The next night, the angel returns with a second list: those who are blessed by the love of God. Ben Adhem's name is at the top this time, suggesting that God loves those who love their fellow human beings—indeed, that love for other people is the best way to express love for God." John understood love not in its theoretical aspect but in practical ways. "Beloved, let us love one another, because love is from God; everyone who loves is born of God and knows God. Whoever does not love does not know God, for God is love" (1 Jn 4:7-8).

Conclusion

When all our efforts seem to be failed, raise your eyes to the shore of your life to see Jesus and heed to His voice. He commands us to revisit our life goals and set the priorities right. For that to happen, let us become His beloved disciples.

❑



പരുമല സെമിനാരിയിൽ 2021-ലെ ഒ.വി.ബി.എസിന് തുടക്കം കുറിച്ചുകൊണ്ട് മാനേജർ ഫാ. എം. സി. കുര്യാക്കോസ് പതാക ഉയർത്തി. പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർമാരായ ഡോ. എം എസ്. യൂഹാനോൻ റമ്പാൻ, ഫാ. വൈ. മത്തായികുട്ടി എന്നിവർ പങ്കെടുത്തു.



ചാത്തമാറ്റം കർമ്മേൽ ഇടവകയെ സഹായിക്കുക

ചാത്തമാറ്റം കർമ്മേൽ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയുടെ പുനർനിർമാണത്തിന്റെ കല്ലിടിൽ കർമ്മം യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. 45 വർഷങ്ങൾ ആയി പൂട്ടികിടന്ന ഈ പള്ളി നവീകരണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. പുനർനിർമ്മാണത്തിനായി ഏവരുടെയും പ്രർത്ഥനാപൂർവ്വമായ സഹായ സഹകരണം ഇടവക പ്രതീക്ഷിക്കുന്നു.

Vicar: Fr. Eldhose Kuriakose Mob: 7025027057

A/c No: 0760053000005374

Carmel St. Peters and St. Pauls Orthodox Church Chathamattom

South Indian Bank Pothanicad IFSC SIBL 0000760



ബെംഗളൂരു ഭദ്രാസനത്തിലെ ആദ്യത്തെ സൗജന്യ കോവിഡ് 19 വാക്സിനെഷൻ ക്യാമ്പ് ഹെബ്ബാൾ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ദേവാലയവും ബൃഹത് ബെംഗളൂരു മഹാനഗര പാലികെയും (BBMP) സംയുക്തമായിട്ടു 2021 ഏപ്രിൽ 16-ന് നടത്തി. ഇടവക വികാരി ഫാ. സന്തോഷ് സാമുവേൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

പ. പാമ്പാടി തിരുമേനി ജനഹൃദയങ്ങളിൽ ജീവിക്കുന്ന വിശുദ്ധൻ

കുന്നംകുളം: പ. പാമ്പാടി തിരുമേനി ജനഹൃദയങ്ങളിൽ ജീവിക്കുന്ന വിശുദ്ധനാണ് എന്ന് മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് പ്രസ്താവിച്ചു. കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ സംഘടിപ്പിച്ച പരിശുദ്ധ പാമ്പാടി തിരുമേനി മലങ്കരയുടെ താപസ വിശുദ്ധൻ എന്ന ഓൺലൈൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുന്നംകുളത്ത് ഉണ്ടായ പ്ലേഗ് എന്ന മഹാമാരിയെ പ്രാർത്ഥനയാലും ഉപവാസത്താലും അതിജീവിക്കുവാൻ പരിശുദ്ധ പിതാവിന് സാധിച്ചു. വിശുദ്ധിയിൽ ജീവിച്ച പുണ്യപിതാക്കന്മാർ തലമുറകൾക്ക് അനുഗ്രഹമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ പ്രസിഡണ്ട് പി. സി. സൈമൺ അധ്യക്ഷനായിരുന്നു. മലങ്കര സഭയുടെ മാധ്യമ വിഭാഗം അധ്യക്ഷൻ ഡോ. ഗീവർഗീസ് മാർ യൂലിയോസ് അനുഗ്രഹ പ്രഭാഷണം നടത്തി. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം തന്റെ ജീവിതത്തിലൂടെ പഠിപ്പിച്ച പിതാവാണ് പരിശുദ്ധ പാമ്പാടി തിരുമേനി എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഫാ. ഡോ. വർഗീസ് വർഗീസ് മീനടം പരിശുദ്ധ പാമ്പാടി തിരുമേനി മലങ്കരയുടെ താപസ വിശുദ്ധൻ എന്ന വിഷയത്തെ ആസ്പദമാക്കി അനുസ്മരണ പ്രഭാഷണം നടത്തി. ദൈവ സ്നേഹിയും മനുഷ്യസ്നേഹിയും പ്രകൃതി സ്നേഹിയും സഭാ സ്നേഹിയും ആയ വിശുദ്ധിയുടെ നിറകുടമാണ് പരിശുദ്ധ പാമ്പാടി തിരുമേനി എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ദൈവസന്നിധിയിൽ പ്രാർത്ഥിക്കുവാൻ വേണ്ടി ജീവിച്ച പരിശുദ്ധ പിതാവ് കനിവിന്റെ നനവാണ് എന്നും അദ്ദേഹം പറഞ്ഞു.

പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു ജോൺ, ഫാ. ഡോ. സണ്ണി ചാക്കോ, കുന്നംകുളം ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി ജിനീഷ് വർഗീസ് സ്വാഗതവും ഗീവർ ചെറിയാൻ നന്ദിയും രേഖപ്പെടുത്തി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി അനേകർ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.



കേരള യൂണിവേഴ്സിറ്റി ഇന്റർ കോളേജ് റസലിംഗ് ചാമ്പ്യൻഷിപ്പിൽ കറ്റാനം വലിയപള്ളി യുവജന പ്രസ്ഥാനത്തിന്റെ ജോ.സെക്രട്ടറി ഷെറിൻ ഗീവർഗീസ് രണ്ടാം സ്ഥാനം കരസ്ഥമാക്കി.



2020 ക്രിസ്തുമസ് കാലം കൂടുതൽ ആനന്ദകരമാക്കുവാൻ ഇന്ത്യൻ ഓർത്തഡോക്സ് സഭ മീഡിയ വിംഗ് സംഘടിപ്പിച്ച Hallel 2020 ക്രിസ്തുമസ് കരോൾ സംഗീത മത്സരത്തിലെ വിജയികൾക്ക് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ സമ്മാനദാനം നിർവ്വഹിച്ചു.

ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ എട്ടാമത്തെ ദുഖ്റോനോ പെരുന്നാളിൽ സന്ധ്യ നമസ്കാരത്തിന് ശേഷം ഞാലിയാകുഴി മാർ ബസ്സേലിയോസ് ദയറായിൽ വച്ചാണ് സമ്മാനദാനം നിർവഹിച്ചത്.



കുണ്ടറ ബസീലിയ ഓർത്തഡോക്സ് സെന്ററും, ബസീലിയൻ മ്യൂസിയവും സന്ദർശിച്ച ഇടുക്കി ഭദ്രാസന വൈദിക സംഘം ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസിനോടൊപ്പം.



ഭൂമി ഇല്ലാത്ത രണ്ടു കുടുംബങ്ങൾക്ക് കൈതാങ്ങായി ഒരു കുടുംബം

മണ്ണൂർ ഉണ്ണികുന്നുമ്പുറം ഇറോസ് ഭവനിൽ ബാബു വർഗീസ് ആണ് ഭൂമി ഇല്ലാത്ത രണ്ടു കുടുംബങ്ങൾക്ക് 6 സെന്റ് വസ്തു വീതം നൽകി കൈതാങ്ങായത്. കാട്ടംപള്ളി ജലജമണി അമ്മ, വയല സത്യശീലൻ എന്നിവർക്ക് ആണ് അദ്ദേഹം ആറ് സെന്റ് വസ്തു വീതം നൽകി നാടിന് മാതൃക ആയത്.

മണ്ണൂർ മർത്തശ്മൂനി ഓർത്തഡോക്സ് ഇടവക വികാരി ഫാ. ഷിനോ കെ. തോമസിന്റെ സാനിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ മണ്ണൂർ വാർഡ് മെമ്പർ ലില്ലികുട്ടി, മണ്ണൂർ ഷാജി, മനോജ് കുഞ്ഞപ്പൻ, തങ്കച്ചൻ, ജോർജ് തുടങ്ങിയവർ പങ്കെടുത്തു.



മദ്രാസ് ഭദ്രാസനത്തിൽ ഉൾപ്പെട്ട ആൻഡമാൻസ് നിക്കോബാർ ദ്വീപ് സമൂഹങ്ങളിൽ ഏതാണ്ട് ആറോളം ദൈവാലയങ്ങൾ ഉണ്ട്. അതിലെ ഏറ്റവും ചെറിയ ഇടവകയായ (കേവലം മൂന്നു വീട്ടുകാർ മാത്രം) മായാബന്ദർ സെൻറ് ജോർജ് ഇടവകയുടെ പെരുന്നാൾ ഭക്തിപുരസ്സരം ആഘോഷിക്കപ്പെട്ടു. വടക്കൻ ആൻഡമാൻസ് മേഖലയിലെ സ്കൂളുകളുടെ Supervisory മാനേജരും രംഗത് സെൻറ് ഗ്രീഗോറിയോസ് ഇടവകയുടെ വികാരിയുമായ ഫാ. അനീഷ് കുഞ്ഞപ്പൻ മുഖ്യകാർമ്മികത്വം വഹിച്ചു. ജെസ്മി പെരുന്നാൾ ദിന സന്ദേശം നൽകി. ബേട്ടപുർ, ദിഗ്ളിപുർ, രംഗത് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് അനേകം വിശ്വാസികൾ പെരുന്നാളിൽ സംബന്ധിച്ചു. വികാരി ഫാ. സന്ദീപ് എസ്. മാത്യൂസ്, കൈസ്ഥാനി അരുൺ കെ. ജോസഫ്, സെക്രട്ടറി സജി ജോർജ് എന്നിവർ നേതൃത്വം നൽകി.



ഏപ്രിൽ 28, 29 തീയതികളിൽ കൂദാശയ്ക്കായി പണി പൂർത്തീകരിക്കപ്പെടുന്ന മലങ്കര ഓർത്തഡോക്സ് കോട്ടയം ഭദ്രാസനത്തിലെ കല്ലുങ്കത്ര മണലേൽ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി.



മട്ടാഞ്ചേരി കൂനൻ കുരിശ് തീർത്ഥാടന കേന്ദ്രത്തിൽ പരിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമപ്പെരുന്നാളിനു (2021 ഏപ്രിൽ 22, 23) കൊടിയേറി.